509

414

BASIC TR
No. 509
K
414

GOVT. BASIC TRAINING SCHOOL
No 509
KOTTAYAM-1

414

[E SRÎ VANCHI SÊTU LAKSHMÎ SERIES.

No. 4.

PRASNABHASHA

EDITED

With Introduction and Notes

BY

KOLATTERI SAṆKARA MENON, M. A., L. T.,

Director of Ayurveda, Travancore

and

Curator for the Publication of Ayurveda, Jyotisha (Astronomy and Astrology) and Malayalam Manuscripts.

BLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:)ᏣᏅ-

PRINTED BY THE SUPERINTENDENT, GOVERNMENT P

1926.

ll Rights Reserved.]

ശ്രീവഞ്ചിക്ഷ്മാലവാലാ കനകമയലതാ
കാപി കല്പദ്രുസക്താ
കാലേ നീതിപ്രവാളാ സുരഭിലസുകൃതോ-
പാത്തബോധപ്രസൂനാ
ഭൂരിശ്രേയഃഫലാഢ്യാ ദ്വിജകുലകലിതാ
ച്ഛായയാപാസ്തതാപാ
സേയം ഭക്ത്യേകസാരാ വിലസതി സകലാ-
ഭീഷ്ടദാ സജ്ജനാനാം.

തയാജ്ഞപ്തോ ലക്ഷ്മ്യാ ധരണിഗതയാ ജ്യോതിഷമുഖ-
പ്രബന്ധാൻ പ്രാചീനാൻ പ്രകടയിതുമന്തർവ്വിനിഹിതാൻ
സദാസോയം ചിന്വൻ വിദധദപി ശുദ്ധാൻ നയതി താൻ
പ്രകൃഷ്ടാൻ പ്രാകാശ്യം; തമിമമനുഗൃഹ്ണന്തു സുധിയഃ.

കൊളത്തേരി ശങ്കരമേനോൻ.

T.S
509

അവതാരിക.

കേരളീയൎക്കു ജ്യോതിഃശാസ്ത്രത്തിൽ പ്രത്യേകപ്രതിപത്തിയുണ്ടായിരുന്നതുകൊണ്ടു് അവർ ആ ശാസ്ത്രത്തിൽ നിരന്തരം പ്രയത്നിച്ചുപോന്നതിന്റെ ഫലമായി അനേകം ഉത്തമഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടു്. ഗണിതം, പ്രശ്നം, മുഹൂൎത്തം എന്നീ വിഷയങ്ങളിൽ അവരുടെ പ്രയത്നഫലമായ ഗ്രന്ഥങ്ങളെ അതിശയിക്കുന്ന ഗ്രന്ഥങ്ങൾ ഭാരതഖണ്ഡത്തിൽ ഉണ്ടായിട്ടില്ലെന്നുതന്നേ പറയാം. ജാതകവിഷയത്തിൽ അവർ വരാഹമിഹിരാചാൎയ്യരുടെ 'ഹോരാശാസ്ത്ര'ത്തേക്കാൾ പ്രകൃഷ്ടതരമായ ഗ്രന്ഥം ഒന്നുംതന്നെ രചിച്ചിട്ടില്ലെങ്കിലും അതിന്റെ സൎവ്വോത്കൃഷ്ടമായ വ്യാഖ്യാനങ്ങളെല്ലാം അവരുടെ നാരായത്തുമ്പുകളിൽനിന്നു പ്രവഹിച്ചിട്ടുള്ളവയാണു്.

ജ്യോതിഃശാസ്ത്രത്തിന്നു മൂന്നു സ്കന്ധങ്ങളും, ആറു് അംഗങ്ങളുമുണ്ടു്. ഗണിതം, സംഹിത, ഹോര എന്നിവ മൂന്നും സ്കന്ധങ്ങളാകുന്നു. ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂൎത്തം, ഗണിതം എന്നിവയാറും തന്നെ ജ്യോതിഃശാസ്ത്രത്തിന്റെ അംഗങ്ങൾ.

"സ്കന്ധത്രയാത്മകം ജ്യോതിഃ-
ശാസ്ത്രമേതത് ഷഡംഗവത്
ഗണിതം സംഹിതാ ഹോരാ
ചേതി സ്കന്ധത്രയം മതം.

ജാതകഗോളനിമിത്ത-
പ്രശ്നമുഹൂൎത്താഖ്യഗണിതനാമാനി
അഭിദധതീഹ ഷഡംഗാ-
ന്യാചാൎയ്യാ ജ്യൌതിഷേ മഹാശാസ്ത്രേ."

എന്നു പ്രമാണം.

ഇവിടെ പ്രകൃതപുസ്തകത്തിലേ വി
കൊണ്ടു് അതിനെക്കുറിച്ചുമാത്രം സ്വല്പം പറ

"ആമരണാദിഹ ജന്തുഃ
പ്രാക്തനനിജകർമ്മപാകമനുഭവതി'
തദ്വാക് ത്രമലം ജാതക-
മഥ കിം പ്രശ്നേന കഥ്യതേ സത്യം."

ജനനം മുതൽ മരണപര്യന്തം ജന്തുക്കൾ അനുഭവിച്ചു പോരുന്ന പ്രാരബ്ധകർമ്മങ്ങളുടെ ഫലം അറിയുവാൻ ജാതകം മതിയാകുമെന്നിരിക്കെ പ്രശ്നത്തിന്റെ പ്രയോജനം എന്തായിരിക്കുമെന്ന ചോദ്യം ഉചിതം തന്നെ. അതിന്റെ സമാധാനമെന്തെന്നാൽ

"കസ്യ പക്തിരിഹ ജ്ഞാതു-
മിദാനീം പൂർവ്വകർമ്മണാം
ഇഹാർജ്ജിതം ച വിജ്ഞാതും
കർമ്മ പ്രശ്നോ വിധീയതേ."

പ്രാക്തനനിജകർമ്മപാകത്തെ അനുഭവിച്ചുപോരുന്നതിൽ ഏതു കർമ്മഫലമാണ് ഇപ്പോൾ അനുഭവഗോചരമായിത്തീർന്നിട്ടുള്ളതെന്നറിവാനും, ഈ ജന്മത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ പ്രാബല്യം നിമിത്തം പ്രാരബ്ധതുല്യമായിത്തീർന്നിട്ടുണ്ടെങ്കിൽ അവ അനുഭവഗോചരമായിത്തീരുന്നത് എപ്പോഴെന്നറിവാനും പ്രശ്നം വിധിക്കപ്പെട്ടിരിക്കുന്നു. പ്രാഗ്ജന്മാർജ്ജിതസദസന്മിശ്രകർമ്മജനിതശുഭാശുഭമിശ്രഫലനിരൂപകമായ ജാതകത്തിൽ നിന്നു പ്രശ്നം തത്കാലപര്യന്താർജ്ജിതസദസന്മിശ്രകർമ്മജനിതശുഭാശുഭമിശ്രഫലനിരൂപകമാവു എന്നതുകൊണ്ടു ഭേദിക്കപ്പെട്ടിരിക്കുന്നു എന്നു താൽപര്യം. അവിടെ

"അത്യുത്കടൈഃ പുണ്യപാപൈ-
രിഹൈവ ഫലമശ്നുതേ."

എന്ന പ്രമാണവചനത്തിന്റെ ആശയം ജാതകാവിരോധമായിട്ടുതന്നെ പ്രശ്നവിഷയാന്തർഗ്ഗതമായിത്തീരുന്നു. ഇതി
...ത്തേപ്പോലെയോ അതിലധികമായിട്ടുതന്നെ
...യ ത്തീരുന്നതുകൊണ്ടു സർവ്വഥാ വിചിന്ത
...ിക്കുന്നു. ഇതിൽ നിന്നു പ്രശ്നത്തിന്റെ
...ും മാർഗ്ഗം ഏതാണ്ട് അനുസരിച്ചു പോക

ന്നുവെന്നും പ്രശ്നരീതി ജാതകപഥത്തിൽനിന്നു വ്യതിചലിക്കുന്നില്ലെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ.

"യഥോക്തം ജാതകേ സർവ്വം
തദ്വൽ പ്രശ്നേƒപി ചിന്തയേത്."

എന്നു പറഞ്ഞിട്ടുള്ളതിൽനിന്നും പ്രശ്നം ജാതകത്തെ അനുസരിക്കുന്നു എന്നുതന്നേ സിദ്ധിക്കുന്നു.

പ്രശ്നവിഷയത്തെ പ്രതിപാദിക്കുന്ന പ്രകൃതഗ്രന്ഥത്തിൽ ജാതകചിന്താമാർഗ്ഗോപയോഗിയായ തത്വങ്ങളുടെ ജ്ഞാനം സിദ്ധവൽകരിച്ചിരിക്കുന്നതിനാൽ വിഷയവിജ്ഞാനപ്രദമായ തത്വങ്ങളെ മാത്രമേ സംക്ഷേപമായി ഇവിടെ പ്രതിപാദിച്ചിട്ടുള്ളൂ.

എങ്കിലും ഗ്രന്ഥകാരൻ ജാതകചിന്തനത്തിന്നാവശ്യമായ ചില സാമാന്യതത്വങ്ങളെ നിരൂപണംചെയ്തു പ്രശ്നരീതിയിൽ ഘടിപ്പിച്ചു കാണിച്ചു തന്നിട്ടില്ലെന്നില്ല. അപ്രകാരം മററുള്ള ഭാഗങ്ങളേയും സംഘടിപ്പിച്ചു നിരൂപിച്ചുകൊള്ളണമെന്നായിരിക്കും ഗ്രന്ഥകാരന്റെ ഉദ്ദേശം.

ഇനി പ്രശ്നഭാഷയിലെ വിഷയങ്ങളെ വിശകലനം ചെയ്തു നാതിസംക്ഷേപവിസ്തരമായ ഒരു വിമർശനം കൊണ്ടു ഗ്രന്ഥപ്രയോജനത്തേ സ്ഫുടമാക്കുന്നു.

സംക്ഷേപിച്ചെഴുതിയിരിക്കുന്ന പ്രശ്നഭാഷയിൽ ദൈവജ്ഞകൃത്യത്തേ ഉപേക്ഷിച്ചിരിക്കുന്നതു ശിഷ്യർ മററു ഗ്രന്ഥങ്ങളിൽനിന്നു അവയെ നോക്കി മനസ്സിലാക്കിക്കൊള്ളട്ടേ എന്നു വിചാരിച്ചായിരിക്കണം. അഥവാ പ്രശ്നമാർഗ്ഗകോവിദനായ ദൈവജ്ഞനു വേണ്ടതായ ഉപദേശങ്ങളെ ഗ്രന്ഥകർത്താവിന്റെ പാരമ്പര്യക്രമമനുസരിച്ചു മാത്രം ചെയ്തുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മററു ചില ഭാഗങ്ങളേ ഇവിടെ പരാമർശിക്കാതെ വിട്ടുകളഞ്ഞിട്ടുള്ളതായിട്ടും വിചാരിക്കാവുന്നതാണ്.

ദൂതസ്പൃശ്ശേഹാവചനാദികളെക്കൊണ്ടു ചിന്തിക്കേണ്ട ഭാഗങ്ങളെ ശാസ്ത്രാന്തരങ്ങളിൽ
ഇവിടെ ആരൂഢോദയലഗ്ന
ശ്യമാകുന്നു. അവയെക്കുറി

"പ്രശ്നം വച്ച പണം വീണ
രാശിയാത്രൂഢമായതു്,
അന്നേരത്തങ്ങുദിച്ചോരു
രാശി ലഗ്നമതായതു്."

എന്നു പ്രശ്നരീതിയിൽ പറഞ്ഞിരിക്കുന്നു. ദൂതൻ നില്ക്കുന്ന രാശിയേയും ആരൂഢമായിക്കല്പിക്കാവുന്നതാണ്. പിന്നെ ഛായയെ അളപ്പിച്ച് ഉദയലഗ്നത്തേ വരുത്തേണ്ട വിഷയത്തിൽ,

"തദ്ഘ്നേ സുപരിജ്ഞാതേ
ലഗ്നേ ഛായാംബുയന്ത്രസംവിദിതേ
ഹോരാർത്ഥേ ച സുരൂഢേ
നാദേഷ്ടർഭാരതീ വന്ധ്യാ."

എന്നു ശാസ്ത്രാന്തരത്തിലും കാണുന്നു. ഛായകൊണ്ടു ലഗ്നസ്ഫുടത്തേ സൂക്ഷ്മമായി വരുത്തേണ്ട പ്രകാരത്തെ,

"ഛായാം തത്കാലജാം ന്യസ്യ
ത്യക്ത്വാ വാക്യം തദൂർധ്വഗം
തച്ഛേഷമംഗുലീകൃത്യ
ഷഷ്ട്യാ ഹത്വാ വിഭാജയേത്."

എന്നാദിയായ വിധികളിൽ നിന്നു് അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

പിന്നീടു ദൈവജ്ഞൻ ഗ്രഹസ്ഫുടങ്ങളെ സൂക്ഷ്മമായി വരുത്തണം. ഇവിടെ പിന്നെ ഉദയലഗ്നസ്ഫുടവും, ചന്ദ്രസ്ഫുടവും, ഗുളികസ്ഫുടവും തമ്മിൽ ചേർത്തു ത്രിസ്ഫുടമുണ്ടാക്കിക്കൊള്ളണം.

"ഏവം ലഗ്നം വിധും മാന്ദി-
മാനീയ വിലിഖേത് പൃഥക്
തേഷാം ത്രയാണാം സംയോഗാത്
ത്രിസ്ഫുടം വിലിഖേച്ച തത്."

എന്നു പ്രമാണവചനവുമുണ്ടു്.

ജാതകപ്രശ്നങ്ങൾക്കു ദൃഗ്ഗണിതം വിധിച്ചിരിക്കുന്നതുകൊണ്ടു് [illegible] ങ്ങളെല്ലാം ദൃക്കിൽ തന്നേ വരുത്തിക്കൊള്ളേ

[illegible] ങ്ങ

[illegible] ദയ-

[illegible] നിതശാസ്ത്രേണ

ദൃക്തുല്യേനാനേയാ
ഗ്രഹാശ്ച സർവേ തഥൈവാന്യേ."

എന്ന് അനുഷ്ഠാനപദ്ധതിയിലും കാണുന്നു.

ആരൂഢോദയലഗ്നങ്ങൾകൊണ്ടു സാമാന്യസൂത്രവും, അധിപന്മാരെക്കൊണ്ട് അധിപസൂത്രവും, അവയുടേ നവാംശങ്ങളെക്കൊണ്ട് അംശകസൂത്രവും, ലഗ്നോഡുപ്പച്ഛകോഡുക്കളെക്കൊണ്ടു നക്ഷത്രസൂത്രവും, ആരൂഢതല്ദശമങ്ങളേക്കൊണ്ടു മഹാസൂത്രവും വരുത്തി വിചാരിച്ചു കൊള്ളണം. ഇവിടെ സാമാന്യസൂത്രം പൃഥിവിയും, അധിപസൂത്രം അപ്പും, അംശകസൂത്രം തേജസ്സും, നക്ഷത്രസൂത്രം വായുവും, മഹാസൂത്രം ആകാശവുമെന്നു കല്പിച്ചു കൊള്ളേണ്ടതാകുന്നു.

"ആരൂഢോദയയോർദ്വന്ദ്വം
ചരരാശിഗതം യദി
ദ്വന്ദ്വമേകം സ്ഥിരേന്യദ്വാ
ജീവസൂത്രമിതി ദ്വിധാ.

ആരൂഢോദയയോരേകം
ചരേ സ്യാദുഭയേ പരം
ദ്വിതയം വാസ്ഥിരേ തദ്വൻ-
മൃതി സൂത്രമപി ദ്വിധാ.

ചരസംസ്ഥം തയോരേക-
മപരം സ്ഥിരസംജ്ഞിതം
ദ്വയം വോഭയരാശിസ്ഥം
രോഗസൂത്രമപി ദ്വിധാ."

എന്നുപറഞ്ഞിരിക്കുന്ന പ്രകാരം ജീവസൂത്രത്തേയും, മൃത്യുസൂത്രത്തേയും, രോഗസൂത്രത്തേയും വരുത്തിക്കൊള്ളേണ്ടതാകുന്നു. ഇവയുടേ ഭേദങ്ങളേയും ഫലങ്ങളേയും ശാസ്ത്രാന്തരം നോക്കി ഗ്രഹിച്ചു കൊള്ളുക.

അനന്തരം പ്രശ്നഭാഷാകർത്താവു തത്ക[illegible] ഗ്രഹസ്ഥിതികളെക്കൊണ്ടു നിമിത്തഭേദങ്ങളെച്ചൊല്ലുവാൻ [illegible]
അതിന്റെ മാർഗ്ഗത്തേ ഗ്രന്ഥത്തിൽ തന്നെ [illegible]
ച്ചിരിക്കുന്നതുകൊണ്ടു പ്രത്യേകം എടുത്തു പ[illegible]
ന്നുന്നില്ല.

"സ്വാസ്ഥാതുരപ്രഭേദങ്ങൾ
ദേശജാതിവിഭാഗവും
ഇവയെല്ലാമറിഞ്ഞിട്ടു
വദേദായുർബലം പുനഃ."

എന്നു പറഞ്ഞു് ആയുശ്ചിന്തനത്തിനായി ഗ്രന്ഥകാരൻ തുടങ്ങുന്നു. ഇവിടെ ലഗ്നത്തെ ദേഹമെന്നും, അഷ്ടമത്തെ ദേഹിയെന്നും കല്പിച്ചു് അവയുടെ ബലാബലവിചിന്തനം ചെയ്തു് ആയുസ്സിനെ നിശ്ചയിക്കുന്ന ക്രമം വ്യക്തമായി ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഗ്രഹങ്ങളുടെ ബലാബലം വരുത്തേണ്ട ക്രമത്തേയും ഉചിതമായ സമ്പ്രദായത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്.

"ഏവം ബലാബലം ജ്ഞാത്വാ
ഗ്രഹാണാം തത് ഫലം വദേത്
പിന്നെബ് ഭാവഫലം വാച്യ-
മാരൂഢാദ്യഷ്ടഭാവപൈഃ."

എന്നു പറഞ്ഞു് ആരൂഢം തുടങ്ങിയുള്ള എട്ടു ഭാവങ്ങളുടേയും ഫലവിചാരം ചെയ്യേണ്ട ക്രമത്തെ ഗ്രന്ഥകാരൻ നിർദ്ദേശിച്ചതിന്റെ ശേഷം —

"ഭാഗ്യാദിനാലുഭാവങ്ങ-
ളിതിലന്തർഭവിച്ചു പോം,
അതുകൊണ്ടത്ര ചൊല്ലാഞ്ഞു
ഭാഗ്യാദീനാം ഫലങ്ങളെ."

എന്നു പറഞ്ഞവസാനിപ്പിക്കുന്നു.

ഗ്രന്ഥകാരന്റെ ഈ അഭിപ്രായം ദശാദ്ധ്യായിമതമനുസരിച്ചാകുന്നു. എന്തുകൊണ്ടെന്നാൽ,

"ക്രിയതാവുരുജ്ജുതുമകുളീ-
രലേയപാത്ഥോനജൂകകോർപ്യാഖ്യാഃ
തൌക്ഷിക ആകോകേരോ
ഹൃദ്രോഗം ചാന്ത്യഭം ചേത്ഥം."

... ാഹഹോരാശ്ലോകത്തിന്റെ വ്യാഖ്യാനാവസരത്തിൽ ... ത്ത സമസ്തമായിട്ടും, തൌക്ഷികാദിചതുഷ്ടയത്തെ ... ത്തചാര്യൻ പറയുവാനുണ്ടായ ഹേതു, ലഗ്നാദി എ... ചാരയോഗ്യങ്ങളായതുകൊണ്ടും, ശേഷമുള്ള നാലു

ദൃക് തുല്യേനാദനേയാ
ഗ്രഹാശ്ച സവേ തദൈവാന്യേ."

എന്ന് അനുഷ്ഠാനപദ്ധതിയിലും കാണുന്നു.

ആരൂഢോദയലഗ്നങ്ങൾകൊണ്ടു സാമാന്യസൂത്രവും, അധിപന്മാരെക്കൊണ്ട് അധിപസൂത്രവും, അവയുടേ നവാംശങ്ങളെക്കൊണ്ട് അംശകസൂത്രവും, ലഗ്നോഡുപ്പച് ഛകോഡുക്കളേക്കൊണ്ടു നക്ഷത്രസൂത്രവും, ആരൂഢതദ്ദശമങ്ങളേക്കൊണ്ടു മഹാസൂത്ര വരുത്തി വിചാരിച്ചു കൊള്ളണം. ഇവിടെ സാമാന്യസൂത്രം ഥിവിയും, അധിപസൂത്രം അപ്പും, അംശകസൂത്രം തേജസ്സും, നക്ഷത്രസൂത്രം വായുവും, മഹാസൂത്രം ആകാശവുമെന്നു കല്പിച്ചു കൊള്ളേണ്ടതാകുന്നു.

"ആരൂഢോദയയോർദ്വന്ദ്വം
ചരരാശിഗതം യദി
ദ്വന്ദ്വ ഏകം സ്ഥിരേഽന്യദ്വാ
ജീവസൂത്രമിതി ദ്വിധാ.
ആരൂഢോദയയോരേകം
ചരേ സ്യാദുഭയേ പരം
ദ്വിതയം വാസ്ഥിരേ തദാൻ-
മൃതി സൂത്രമപി ദ്വിധാ.
ചരസംസ്ഥം തയോരേക-
മപരം സ്ഥിരസംജ്ഞിതം
ദ്വയം വോഭയരാശിസ്ഥം
രോഗസൂത്രമപി ദ്വിധാ."

എന്നുപറഞ്ഞിരിക്കുന്ന പ്രകാരം ജീവസൂത്രത്തേയും, മൃത്യുസൂത്രത്തേയും, രോഗസൂത്രത്തേയും വരുത്തിക്കൊള്ളേണ്ടതാകുന്നു. ഇവയുടേ ഭേദങ്ങളേയും ഫലങ്ങളേയും ശാസ്ത്രാന്തരം നോക്കി ഗ്രഹിച്ചു കൊള്ളുക.

അനന്തരം പ്രശ്നഭാഷാകത്താവു തത്ക ഗ്രഹസ്ഥിതികളെക്കൊണ്ടു നിമിത്തഭേദങ്ങളെ ച്ചൊല്ലുവാൻ
അതിൻെറ മാൎഗ്ഗത്തേ ഗ്രന്ഥത്തിൽ തന്നെ
ച്ചിരിക്കുന്നതുകൊണ്ടു പ്രത്യേകം എടുത്തു പ
ന്നുന്നില്ല.

ഭാവങ്ങൾ അവയിൽ അന്തർഭവിച്ചുപോകുന്നതിനാൽ അവയ്ക്കു പൃഥഗ്വിചാരയോഗ്യതയില്ലാത്തതുകൊണ്ടുമാണെന്നു 'ദശാദ്ധ്യായി' യിൽ യുക്തിപുരസ്സരം സമർത്ഥിച്ചിട്ടുണ്ട്. ഭാഗ്യാദിഭാവങ്ങൾ നാലും ലഗ്നാദി എട്ടുഭാവങ്ങളിലും അന്തർഭവിക്കുന്നതേതുപ്രകാരമെന്നു കാണിക്കാം. ആത്മാവിന്നു ധർമ്മത്തോടും, ധനത്തിന്നു കർമ്മത്തോടും, സഹായത്തിന്നു ലാഭത്തോടും, സുഖത്തിനു ധനവ്യയത്തോടും, പുത്രന്നു ധർമ്മത്തോടും, ശത്രുക്ഷയത്തിന്നു കർമ്മത്തോടും, ഭാര്യാസുഖത്തിന്നു ധനാഗമത്തോടും, മരണരോഗപരാഭവാദികൾക്കു ധനവ്യയത്തോടും സാപേക്ഷതയുണ്ടാകകൊണ്ട് അഷ്ടമാന്തഭാവങ്ങളിൽ ഭാഗ്യാദിനാലുമന്തർഭവിക്കുമെന്നു ധരിച്ചുകൊള്ളേണ്ടതാകുന്നു.

തദനന്തരം,

"ഭാവകേന്ദ്രസ്ഥിതാസ്സൗമ്യാഃ
 ക്രൂരാഷ്ഷട്ത്ര്യായസംസ്ഥിതാഃ
ഭാവപുഷ്ടിപ്രദാ ജ്ഞേയാഃ
 ദോഷദാ വിപരീതഗാഃ.
ലഗ്നാദി ഭാവഗന്മാക്കും
 ലഗ്നത്തിന്നും ബലക്ഷയം
ഉണ്ടാകിലും കാരകന്മാർ
 പാപമദ്ധ്യസ്ഥരാകിലും.
പാപാരാതിയുതേക്ഷാദി
 യുണ്ടാക്കു കാരകസ്യ തു
തത്ര ഭാവാത്തു നാലെട്ടിൽ
 പന്ത്രണ്ടിൽ പാപയോഗവും.
വരികിൽ ഭാവഹാനിസ്സ്യാ-
 ദ്ഭിത്തിസംവാദസംഭവഃ
ഇതിലേതൊന്ന ഭാവസ്യ
 യസ്യ നാശം വരും ക്ഷണാത്."

എന്നു പറഞ്ഞിട്ടുള്ളതെല്ലാം,

"ഭാവാധീശേ ച ഭാവേ സതി ബലരഹിതേ
 ച ഗ്രഹേ കാരകാഖ്യേ
പാപാന്തസ്ഥേ ച പാപൈരരിഭിരപി സമേ-
 തേക്ഷിതേ നാന്യഖേടൈഃ

പാപൈസ്തൽബന്ധമൃത്യുവ്യയഭവനഗതൈ-
സ്തത്ത്രികോണസ്ഥിതൈർവാ
വാച്യാ ഭാവസ്യ ഹാനിസ്സ്ഫുടമിഹ ഭവതി
ദ്വിത്രിസംവാദഭാവാത്."

എന്ന പദ്യത്തിൻെറ ഏകദേശഭാഷാന്തരം മാത്രമാകുന്നു എന്ന് ഇപ്പോൾ വ്യക്തമായല്ലോ.

ഇപ്രകാരം ഗ്രന്ഥകാരൻ ഭാവവിചാരക്രമത്തെ സമഷ്ടിയായി പറഞ്ഞവസാനിപ്പിച്ച ശേഷം ഓരോ ഭാവങ്ങളെക്കൊണ്ടും ചിന്തിക്കേണ്ട വിഷയങ്ങളെ പ്രതിപാദിക്കുന്നു.

„ദേഹസ്യ സൌഷ്ഠവം സ്വാസ്ഥ്യം
സ്ഥിതിശ്ശ്രേയോ യശസ്സുഖം
ജയോ വപുശ്ച തത്സർവം
ചിന്തനീയം വിലഗ്നതഃ."

ദേഹത്തിൻെറ സൌഷ്ഠവവും, സ്വാസ്ഥ്യവും, സ്ഥിതിയും, ശ്രേയസ്സും, യശസ്സും, സുഖവും, ജയവും, വപുസ്സും ലഗ്നംകൊണ്ടു വിചിന്തനീയങ്ങളാകുന്നു.

„ഭർത്തവ്യമഖിലം വിത്തം
വാണീ ചക്ഷുശ്ച ദക്ഷിണം
വിദ്യാ ച വിവിധാപ്യേതത്
സർവം ചിന്ത്യം ദ്വിതീയതഃ."

കുടുംബം, ധനം, വാക്ക്, വലത്തേക്കണ്ണ്, പലപ്രകാരത്തിലുള്ള വിദ്യ ഇവയെല്ലാം രണ്ടാമെടംകൊണ്ടു വിചിന്തനീയങ്ങളാകുന്നു.

„ധൈര്യം വീര്യം ച ദുർബ്ബുദ്ധിഃ
സഹോദരപരാക്രമൌ
ദക്ഷകർണ്ണസഹായൌ ച
ചിന്തനീയാസ്തൃതീയതഃ."

ധൈര്യം, വീര്യം, ദുർബ്ബുദ്ധി, സഹോദരൻ, പരാക്രമം, വലത്തേച്ചെവി, സഹായം എന്നിവ തൃതീയംകൊണ്ടു ചിന്തനീയങ്ങളാകുന്നു.

മറാദികം വേശ്മ ഗദാശ്ച വിഘ്നം
വിചിന്തനീയാഃ പുനരഷ്ടമേന."

സർവനാശത്തേയും, ആപത്തുകളേയും, അപവാദത്തേയും, മരണകാരണത്തേയും, മരണപ്രദേശത്തേയും, ഭൃത്യന്മാരേയും, മറം മുതലായ ഗൃഹത്തേയും, രോഗങ്ങളേയും, വിഘ്നങ്ങളേയും എട്ടാമെടംകൊണ്ടു ചിന്തിക്കണം.

"ഭാഗ്യധർമ്മദയാപുണ്യ-
തപസ്താതസുതാത്മജാഃ
ദാനോപാസനസൌശീല്യ-
ഗുരവോ നവമാദമീ."

ഭാഗ്യം, ധർമ്മം, ദയ, പുണ്യം, തപസ്സ് എന്നിവറ്റയേയും അച്ഛനേയും, മകന്റെ മകനേയും, ദാനം, ഉപാസനം, സൌശീല്യം ഇവയേയും, ഗുരുവിനേയും നവമംകൊണ്ടു ചിന്തിക്കണം.

"ദേവാലയനഗരസഭാ-
മാൎഗ്ഗാലയദാസസർവ്വകർമ്മാണി
ആജ്ഞാലംബനമേതത്
സർവ്വം ചിന്ത്യം ഹി ദശമേന."

ദേവാലയം, നഗരം, സഭ, വഴിയമ്പലം ഇവയേയും, ദാസനേയും, സർവ്വകർമ്മത്തേയും, ആജ്ഞയേയും, ആശ്രയത്തേയും പത്താമെടംകൊണ്ടു ചിന്തിക്കണം.

"സർവ്വാഭീഷ്ടാഗമോ ജ്യേഷ്ഠ-
ഭ്രാതാ ജാതാ നിജാത്മജാഃ
വാമകർണ്ണോഽർത്ഥലാഭശ്ച
ചിന്ത്യാ ഹ്യേകാദശേന തേ."

സർവ്വാഭീഷ്ടവസ്തുലാഭത്തേയും, ജ്യേഷ്ഠഭ്രാതാവിനേയും, ഉണ്ടായ പുത്രന്മാരേയും, വാമകർണ്ണത്തേയും, അർത്ഥലാഭത്തേയും പതിനൊന്നാമെടംകൊണ്ടു ചിന്തിക്കണം.

"പാപം വ്യയം ച പതനം
നിരയം വാമമംബകം
സ്ഥാനഭ്രംശം ച വൈകല്യം
ദ്വാദശേന വിചിന്തയേത്."

"മാതാ സുഹൃന്മാതുലഭാഗിനേയൌ
ക്ഷേത്രം സുഖം വാഹനമാസനം ച
ലാളിത്യമംഭസ്സ്ശയനം ച വൃദ്ധിഃ
പശ്വാദികം വേശ്മ ഗൃഹാച്ചതുർത്ഥാത്."

മാതാവും, സുഹൃത്തും, മാതുലനും, ഭാഗിനേയനും, ക്ഷേത്രവും, സുഖവും, വാഹനവും, ആസനവും, ലാളിത്യവും, അംഭസ്സും, ശയനവും, വൃദ്ധിയും, പശ്വാദികവും, വേശ്മവും നാലാംഭാവം കൊണ്ടു ചിന്ത്യങ്ങളാകുന്നു.

"പ്രജ്ഞ മേധ പ്രതിഭ
വിവേകശക്തിഃ പുരാതനം പുണ്യം
മന്ത്രാമാത്യതന്തുജാഃ
പഞ്ചമതഃ സൌമനസ്യമപി ചിന്ത്യം."

പ്രജ്ഞാ, മേധാ, പ്രതിഭാ, വിവേകശക്തി, പൂർവ്വപുണ്യം, മന്ത്രം, മന്ത്രി, പുത്രൻ, സൌമനസ്യം എന്നിവയെല്ലാം അഞ്ചാമെടംകൊണ്ടു ചിന്തിക്കണം.

"തസ്കരാരാതി വിഘ്നാധി-
വ്യാധയശ്ച തനുക്ഷതിഃ
മരണം വാരിശസ്ത്രേണ
ചിന്തനീയം ഹി ഷഷ്ഠതഃ"

തസ്കരൻ, ശത്രു എന്നിവരേയും, വിഘ്നങ്ങളേയും, ആധിവ്യാധികളേയും, ദേഹവ്രണത്തേയും, ശത്രുവിനാൽ പ്രയോഗിക്കപ്പെട്ട ശസ്ത്രത്താലുള്ള മരണത്തേയും ആറാമെടംകൊണ്ടു ചിന്തിക്കേണം.

"വിവാഹമദനാലോക-
ഭാര്യാഭർത്തൃസമാഗമാഃ
ശയ്യാസ്ത്രീസദ്മനഷ്ടാർത്ഥ-
മൈഥുനാന്യപി സപ്തമാത്."

വിവാഹം, കാമം, ദൃഷ്ടി ഇവയേയും, ഭാര്യാഭർത്തൃസമാഗമങ്ങളേയും, ശയനസാധനത്തേയും, സ്ത്രീഭവനത്തേയും, നഷ്ടാർത്ഥത്തേയും, മൈഥുനത്തേയും ഏഴാംഭാവംകൊണ്ടു ചിന്തിക്കണം.

"സർവ്വപ്രണാശോ വിപദോപവാദോ
ഹേമപ്രദേശൌ മരണസ്യ ദാസാഃ

„താതശ്ചാത്മപ്രഭാവോ ദ്യുമണിരപി മനോ-
മാതരൌ ശീതരശ്മിർ-
ഭ്രാതാ സത്വം ച ഭൌമഃ ക്ഷിതിരപി വചനം
ജ്ഞാനമിന്ദോസ്തനുജഃ
ധീചിത്പുത്രാംഗസൌഖ്യം സുരഗുരുരബലാ-
ഭോഗയാനാനി ശുക്രോ
മൃത്യുർവാധിശ്ച ദുഃഖം ശനിരിഹ ഗദിതോ
ദാസഭൃത്യാദികോഽപി."

അവയെക്കൊണ്ടും മററുമുള്ള ഫലവിചാരത്തിൽ,

„വിചിന്ത്യ തേഷാം സദസത്
ഫലാനി സുബുദ്ധം വദേത്
ഇങ്ങനെ ഭാവവും പിന്നെ
ഭാവത്തിന്റെ ബലങ്ങളും."

എന്നും മററും നമഷ്ടിയായിപ്പറഞ്ഞിരിക്കുന്നതിനെ താഴെ പറ
യുന്നവിധത്തിൽ സൂക്ഷ്മമായിച്ചിന്തിച്ചുകൊള്ളേണ്ടതാകുന്നു.

„ആത്മസംജ്ഞയാ ഗഗനഗൈർ-
ബ്ബലിഭിർബ്ബലവത്തരാഃ
ദുർബലൈർദ്ദുർബലാ ജ്ഞേയാ
വിപരീതം ശനേഃ സ്മൃതം.
ഭാഗ്യാദ്യഭീഷ്ടഭാവേശോ-
ഽപ്യശുഭോ ഭാവപുഷ്ടികൃത്
ലഗ്നാൽ പുത്രേ തിപദ്യേ ത-
ദ്വരാഹമിഹിരോദിതം.
ശുഭദാനാം പ്രാബല്യേ
ശുഭപൌഷ്കല്യം പുനസ്തു ദോഷകൃതാം
വൈബല്യേ ദോഷാണാം
പൌഷ്കല്യം ഭവതി തദ്വദഭിയുക്താഃ."

ഇവിടെ വരാഹോക്തിയെ പരാമർശിക്കുന്ന പദ്യം

"ലഗ്നാൽ പുത്രകളത്രഭേ ശുഭപതി-
പ്രാപ്തേഽഥവാലോകിതേ
ചന്ദ്രാദ്വാ യദി സംപദസ്തി ഹി തയോർ-
ജ്ഞേയോഽന്യഥാസംഭവഃ."

പാപത്തേയും, വ്യയത്തേയും, പതനത്തേയും, നരകത്തേയും, ഇടത്തേക്കണ്ണിനേയും, സ്ഥാനഭ്രംശത്തേയും, അംഗവൈകല്യത്തേയും പന്ത്രണ്ടാമെടംകൊണ്ടു ചിന്തിക്കണം.

ഇങ്ങനെ ലഗ്നാദിദ്വാദശഭാവങ്ങളേയും ചിന്തിച്ചുകൊള്ളണം ഇതിനെ സംഗ്രഹിച്ചു പ്രശ്നഭാഷയിൽ

"മൂർത്തേശ്ശരീരസംപത്തി-
മംഗോപാംഗനിരൂപണം.
സത്യം സൌഭാഗ്യവിത്തം ച
ദ്വിതീയസ്ഥാനതോ വിദുഃ."

എന്നാദിയായ ഏഴു പദ്യങ്ങളെക്കൊണ്ടു പറഞ്ഞിരിക്കുന്നു.
അതിന്റെശേഷം,

"പാപാന്വിതാസ്തു യേ ഭാവാ-
സ്തേ ഭാവാ നാശതാം യയുഃ
സൌമ്യാസ്സിദ്ധികരാ ജ്ഞേയാ
മിശ്രാ മിശ്രഫലപ്രദാഃ."

എന്നാദിയായി ഭാവപുഷ്ട്യാദികളെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം,

"യോ യോ ഭാവഃ സ്വാമിദൃഷ്ടോ യുതോ വാ
സൌമ്യൈർവാ സ്യാത് തസ്യതസ്യാഭിവൃദ്ധിഃ
പാപൈരേവം തസ്യ ഭാവസ്യ ഹാനി-
ർന്നിർദ്ദേഷ്ടവ്യാ പ്രശ്നതോ ജന്മതോ വാ."

എന്ന ഷട്പഞ്ചാശികാശ്ലോകത്തെ മനസ്സിൽ വച്ചുകൊണ്ടാകുന്നു.

തദനന്തരം ഗ്രന്ഥകാരൻ,

"പിതൃകാരകനാദിത്യ-
നാത്മാധിപതിയായതും
മാതൃകാരകനാമിന്ദു-
ർദ്ദേഹസ്യ മനസോഽപി ച."

എന്നാദിയായ പദ്യങ്ങളെക്കൊണ്ടു കാരകഗ്രഹങ്ങളെ പറഞ്ഞിരിക്കുന്നു. ഇതിന്റെ മൂലത്തെ താഴെ ചേൎക്കുന്നു.

എന്നുള്ളതാകുന്നു. ഇവിടെ ശുഭന്മാരുടെയും, ഭാവാധിപൻെറയും യോഗദൃഷ്ടികൾ ഭാവപുഷ്ടികരങ്ങളായിരിക്കുന്നതുപോലെ, ശുഭസ്ഥാനം ഭാഗ്യരാശിയായതുകൊണ്ടു ശുഭപതിയായ ഭാഗ്യാധിപൻെറ യോഗവും ദൃഷ്ടിയും ഭാവപുഷ്ടിപ്രദമാണെന്നു താത്പൎയ്യം. ആചാൎയ്യൻ ഇതിനെത്തന്നെ മററൊരിടത്ത്,

"ഹോരാ സ്വാമിഗുരുജ്ഞവീക്ഷിതയുതാ
നാന്യൈശ്ച വീൎയ്യോൽകടാ."

എന്നു പറഞ്ഞിരിക്കുന്നു. ഇതിൽനിന്നു ലഗ്നാധിപൻെറയും, ഗുരുവിൻെറയും, ബുധൻെറയും ദൃഷ്ടിയും, യോഗവും ലഗ്നബലപ്രദങ്ങളാകുന്നു എന്നു സിദ്ധിക്കുന്നു. ഇവിടെ ഗുരുജ്ഞപദം ഉപലക്ഷണമായതുകൊണ്ടു ഗുരു, ജ്ഞൻ, ശുക്രൻ, പക്ഷബലമുള്ള ചന്ദ്രൻ എന്ന ശുഭന്മാരെല്ലാവരേയും ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു. പിന്നെ 'ഗുരും ജാനാതീതി ഗുരുജ്ഞഃ', എന്നു വിഗ്രഹിക്കാവുന്നതുകൊണ്ടും, ഗുരു ഭാഗ്യരാശിയെ കുറിക്കുന്നതുകൊണ്ടും ഗുരുജ്ഞൻ ഭാഗ്യാധിപനെന്നു സിദ്ധിക്കുന്നു. അപ്പോൾ അധിപൻെറയും, ശുഭന്മാരുടെയും, ഭാഗ്യാധിപൻെറയും, ദൃഷ്ടിയോഗങ്ങൾ ഭാവപുഷ്ടികരങ്ങൾ എന്നുള്ള നിഷ്കൃഷ്ടാൎത്ഥം ലഭിക്കുന്നു. മുൻപു പറഞ്ഞിട്ടുള്ള ശ്ലോകാൎദ്ധത്തിലെ വ്യാഖ്യാനം ഈ ശ്ലോകപാദവ്യാഖ്യാനത്തോട് അനുഗുണമായിത്തന്നെ ഇരിക്കുന്നു എന്ന് ഇപ്പോൾ നിഷ്പ്രയാസം കാണാവുന്നതാണ്. എന്നാൽ ഈ ശ്ലോകപാദത്തെ പലരും അസമഗ്രമായി വ്യാഖ്യാനിച്ചു ശാസ്ത്രത്തെ കുമാൎഗ്ഗങ്ങളിൽ കൂടി നയിപ്പിച്ചിട്ടുണ്ടെന്നുള്ള സംഗതി ഇവിടെ പ്രസ്താവിക്കാതിരിക്കുവാൻ മനസ്സനുവദിക്കുന്നില്ല.

പിന്നീട്,

"രോഗഭേദാംസ്തു ചിന്തിപ്പൂ
ദേഹജം വാഥ ബാധജം
രോഗചിന്താപ്രകാരങ്ങൾ
ചൊല്ലുന്നുണ്ടു സമാസതഃ."

എന്നു പറഞ്ഞു് ആനൂപം, ജാംഗലം, സാധാരണം എന്നീ മൂന്നു വിധത്തിലുള്ള ഭൂദേശങ്ങളെക്കൊണ്ടും വൈദ്യശാസ്ത്രരീത്യാ രോഗനിൎണ്ണയം ചെയ്യുന്നതിനു കൂടി വഴികാണിച്ചിരിക്കുന്നു.

,,ജാംഗലം വാതഭൂയിഷ്ഠ-
മാനൂപം തു കഫോദ്ബണം
സാധാരണം സമമലം
ത്രിധാ ഭൂദേശമാദിശേത്."

എന്നുള്ള അഷ്ടാംഗഹൃദയവചനപ്രകാരം ജാംഗലപ്രദേശം വാതഭൂയിഷ്ഠമെന്നും, ആനൂപം കഫപ്രധാനമെന്നും, സാധാരണം സമദോഷവിശിഷ്ടമെന്നും കൂടി ധരിച്ചിരുന്നാൽ രോഗനിൎണ്ണയം സുഗമമായി ചെയ്യുവാൻ സാധിക്കുന്നതുകൊണ്ടു പ്രശ്നഭാഷയിൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങളെ ഈ തത്വങ്ങളനുസരിച്ചു ധരിച്ചു കൊള്ളേണ്ടതാകുന്നു.

ഇവിടെ രോഗിയെക്കാണാതെ രോഗപ്രശ്നം പറയുന്ന ദൈവജ്ഞൻ രോഗിയുടെ ദേഹസ്ഥിതിയെക്കുറിച്ചു വൈദ്യശാസ്ത്രപ്രകാരം വിചിന്തനം ചെയ്യാൻ ധരിച്ചിരിക്കേണ്ടതു് അത്യാവശ്യമില്ലെന്നു വിചാരിച്ചായിരിക്കാം ഗ്രന്ഥത്തിൽ ആ ഭാഗങ്ങളെ ഈ ഘട്ടത്തിൽ പ്രസ്താവിക്കാതെ വിട്ടുകളഞ്ഞിട്ടുള്ളതു്. എന്നാൽ അപ്രകാരം ചെയ്യണമെന്നുണ്ടായിരുന്നാൽ ആരൂഢാധിപനെക്കൊണ്ടും മററും അതു സാധിക്കുവാൻ ജോതിഃശാസ്ത്രം അവസരം തരാതിരുന്നിട്ടില്ലതാനും.

,,അസ്ഥി രക്തം ച മജ്ജാ ത്വ-
ഗ്വസാ ശുക്ലം ച വസ്നസാ
ഏവം ഹി ധാതവഃ സപ്ത
സൂൎയ്യാദീനാം പ്രകീൎത്തിതാഃ.

പിത്തം വാതകഫൌ പിത്തം
വാതപിത്തകഫാഃ കഫഃ
കഫവാതൌ ച വാതശ്ച
സൂൎയ്യാദീനാമുദീരിതാഃ."

എന്നുള്ള ജ്യോതിഃശാസ്ത്രതത്വങ്ങൾ ഈ അവസരത്തിൽ പ്രയോജനകരമായിരിക്കുന്നതാണു്.

ഭൂദേശഭേദം രോഗകാരണമായിത്തീരുന്നതു പോലെ കാലഭേദവും രോഗനിദാനമായിത്തീരുന്നതാകയാൽ അതിൻെറ വിജ്ഞാനം ഈ പ്രകൃതത്തിൽ ഉപയോഗമായിത്തീരുന്നതാണു്.

„ചയപ്രകോപപ്രശമാഃ
വായോർഗ്രീഷ്മാദിഷു ത്രിഷു
വർഷാദിഷു തു പിത്തസ്യ
ശ്ലേഷ്മണഃ ശിശിരാദിഷു.”

എന്ന ആയുവേദവചനപ്രകാരം വാതം ഗ്രീഷ്മത്തിൽ ചയിക്കുകയും, വർഷത്തിൽ കോപിക്കുകയും, ശരത്തിൽ ശമിക്കുകയും ചെയ്യുന്നു. പിത്തം വർഷത്തിൽ ചയിച്ചു, ശരത്തിൽ കോപിച്ചു, ഹേമന്തത്തിൽ ശമിക്കുന്നു. ശ്ലേഷ്മം ശിശിരത്തിൽ ചയിച്ചു, വസന്തത്തിൽ കോപിച്ചു, ഗ്രീഷ്മത്തിൽ ശമിക്കുന്നു. ഇതിൻെറ വിജ്ഞാനവും രോഗനിർണ്ണയത്തെ സുകരമാക്കിത്തീക്കുന്നതാണ്.

„ശൈശവാദികളും”എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു

„വയോഹോരാത്രിഭുക്താനാം
തേഽന്തമദ്ധ്യാദിഗാഃ ക്രമാത്.”

എന്ന വചനപ്രകാരം ബാല്യയൌവനവാദ്ധക്യങ്ങളിൽ കഫപിത്തവാതങ്ങളുടെ ആധിക്യത്തേ കല്പിച്ചുകൊള്ളേണ്ടതാകുന്നു.

ദേഹദേശം ഭൂദേശത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു ഒന്നിൻെറ വിജ്ഞാനം മറെറതിൻെറ ജ്ഞാനത്തേ പ്രദാനം ചെയ്യുന്നതാകയാലായിരിക്കാം ഗ്രന്ഥകാരൻ വിവരിക്കാഞ്ഞതു്.

രോഗപ്രശ്നത്തിൽ ആയുവേദത്തിൻെറ ജ്ഞാനംകൂടി അത്യാവശ്യമാകയാൽ ദൈവജ്ഞൻ ഉപയുക്താംശങ്ങളുടെ ജ്ഞാനം സമ്പാദിച്ചു കൊള്ളേണ്ടതാകുന്നു.

രോഗസ്വഭാവത്തെ നിശ്ചയിച്ചതിൻെറ ശേഷം അതിൻെറ ചയപ്രകോപപ്രശമകാലങ്ങളെ ഗ്രഹചാരവശാലും, നക്ഷത്രവശാലും നിശ്ചയിക്കുവാനുള്ള മാർഗ്ഗത്തെ,

„ആദിത്യസ്ഥിതി കഷ്ടാ സ്യാത്
തത് ത്രികോണത്തിലേറെയും
അതിലും ചന്ദ്രചാരങ്ങൾ
മാന്ദ്യപേതത്രികോണഭേ.
പ്രഷ്ടരഷ്ടമരാശ്യാദി
വിപദാദികളും തഥാ
വരുന്ന നാൾ വിശേഷിച്ചും
രോഗങ്ങളധികം വദേൽ.”

എന്നാദിയായ ശ്ലോകങ്ങളേക്കൊണ്ടുപദേശിക്കുന്നു.

ഇവിടെ,വിപ'ന്നക്ഷത്രം

„വ്യാപദം കുരുതേ യസ്മാത്
വിപത്കരമിതി സ്മൃതം."

എന്നുപറഞ്ഞപ്രകാരം കഷ്ടമാണെന്നും, ആദിശബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്ന പ്രത്യരവധങ്ങളും അനിഷ്ടപ്രദങ്ങളാണെന്നും ധരിച്ചുകൊള്ളേണ്ടതാകുന്നു.

„കാര്യസമ്പന്നിഷേധിത്വാത്
പ്രത്യരം ത്വിതി കീർത്തിതം."

എന്നു പ്രത്യരത്തേക്കുറിച്ചും

„നിധനം ഹി ഭവേദ്യസ്മാത്
സപ്തമോ വധസംജ്ഞിതഃ."

എന്നു വധനക്ഷത്രത്തേക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇവിടെ ജന്മർക്ഷം തുടങ്ങി മൂന്നാമത്തേതു 'വിപത്' എന്നും, അഞ്ചാമത്തേതു 'പ്രത്യര'മെന്നും, ഏഴാമത്തേതു 'വധ'മെന്നും ധരിച്ചുകൊള്ളേണ്ടതാകുന്നു.

പിന്നെ ഭചക്രത്തെ ദൃശ്യാർദ്ധമെന്നും, അദൃശ്യാർദ്ധമെന്നുമുള്ള വിഭാഗമനുസരിച്ചു രോഗങ്ങളെ ദൃശ്യമെന്നും, അദൃശ്യമെന്നും കല്പിക്കുവാനുള്ള ക്രമങ്ങളെ പ്രശ്നഭാഷയിൽ നിർദ്ദേശിച്ചിരിക്കുന്നു.

തതഃപരം കാലപുരുഷൻെറ അംഗവിഭാഗങ്ങളേയും, രോഗിയുടെ സദൃശമായ തത്തദംഗങ്ങളിൽ ഗ്രഹസംഭാവംകൊണ്ടു വാച്യമായ രോഗവിശേഷങ്ങളെ കല്പിക്കും പ്രകാരങ്ങളേയും വ്യക്തമായിക്കാണിച്ചിരിക്കുന്നു.

പഞ്ചഭൂതങ്ങളുടെ ആധിപത്യം വഹിക്കുന്ന ഗ്രഹങ്ങളുടെ ദൌസ്ഥ്യം നിമിത്തം അതാതു ഭൂതങ്ങളെക്കൊണ്ടുണ്ടാവുന്ന രോഗങ്ങളെക്കല്പിക്കേണ്ടും ക്രമങ്ങളെ തദനന്തരം സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു.

„പിന്നെച്ചാരക്രമേണാദ്യ
കാലഗ്രഹഫലം വദേൽ."

എന്നു തുടങ്ങി ചാരഫലങ്ങളേയും, തദനന്തരം—

„പിന്നെജ്ജാതകമുണ്ടെങ്കിൽ
വയസ്സും ദശയും പുനഃ
അപഹാരങ്ങളും കണ്ടു
തത്ഫലങ്ങളുദീരയേത്."

എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ദശാപഹാരഛിദ്രങ്ങളെ വരുത്തി തൽഫലങ്ങളെ പറയുന്നതിനുള്ള മാൎഗ്ഗങ്ങളേയും പ്രദൎശിപ്പിച്ചിരിക്കുന്നു. ഇവിടെ നക്ഷത്രദശ, കാലചക്രദശ, മുതലായവയും അവയുടെ അപഹാരാദികളും വരുത്തുവാനുള്ള ക്രമങ്ങളെ „ജ്യോതിഃശാസ്ത്രപ്രവേശിക'യിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതുകൊണ്ട് അവയെല്ലാം അതു നോക്കി ധരിച്ചു കൊള്ളേണ്ടതാകുന്നു.

ഇത്രയും പറഞ്ഞതിൻെറ ശേഷം—

„ബാധാവിശേഷം ചൊല്ലേണം
പ്രശ്നലഗ്നവശാൽ സുധീഃ."

എന്നാദിയായ ശ്ലോകങ്ങളെക്കൊണ്ടു ബാധാനിരൂപണം ചെയ്യേണ്ടും ക്രമത്തേക്കാണിക്കുന്നു.

പിന്നെ ഗ്രഹങ്ങളുടെ അധിദേവതകളേയും, ബാധാസ്ഥാനദിഗ്ഭേദങ്ങളേയും പറഞ്ഞതിൻെറ ശേഷം ബാധാനാമങ്ങളെ ദേശഭാഷയിൽ ഉപദേശിക്കുന്നു.

തദനന്തരം ബാധാവേശം കൊണ്ടുണ്ടാവുന്ന രോഗങ്ങളേയും, തച്ഛാന്തിക്കുവേണ്ടി ചെയ്യേണ്ട ക്രിയകളേയും, ബാധകളെ പ്രീതിപ്പെടുത്തി വേർപെടുത്തുവാനുള്ള മാൎഗ്ഗങ്ങളേയും, ചെയ്യേണ്ട കൎമ്മങ്ങളേയും വിശദമായി പ്രതിപാദിച്ചു ഗ്രന്ഥത്തെ സമാപിപ്പിക്കുന്നു.

പ്രശ്നഭാഷ എന്ന ഈ ഗ്രന്ഥത്തിൽ പ്രശ്നം വയ്ക്കുന്നതിനുള്ള പന്ഥാവും, ചിന്തിക്കേണ്ട വിഷയങ്ങളും, അനുഷ്ഠിക്കേണ്ട പദ്ധതികളും എല്ലാം വളരെ വ്യക്തമായി ക്രമപ്പെടുത്തി പറഞ്ഞിരിക്കുന്നു. ചിലപ്പോൾ വിഷയങ്ങളെ ഇതിൽ പരാമൎശിക്കുക മാത്രം ചെയ്തിട്ടുള്ളതല്ലാതെ അവയെ സവിസ്തരം പ്രതിപാദിച്ചിട്ടില്ല. എങ്കിലും ചിന്താമാൎഗ്ഗത്തെ ക്രമത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഈ ഗ്രന്ഥം ശാസ്ത്രജ്ഞന്മാൎക്കും, അല്ലാത്തവൎക്കും ഒരുപോലെ ഉപയോഗപ്രദമായിത്തീരുന്നതാണ്. പ്രശ്നമാൎഗ്ഗം

പ്രഥമഭാഗത്തിലുള്ള പതിനാറ് അദ്ധ്യായങ്ങളുടേയും സ്വരൂപപ്രദൎശകമായ ശാസ്ത്രകങ്കാളത്തേ ഈ ചെറിയ പുസ്തകത്തിൽ സ്പഷ്ടമായിക്കാണിച്ചു തന്നിട്ടുണ്ട്.

ഇതിൻെറ കൎത്താവു് ആരാണെന്നു നിശ്ചയമില്ല. ഗ്രന്ഥകാരനു ഹോരാശാസ്ത്രത്തിലും, ദശാദ്ധ്യായിമുതലായ വ്യാഖ്യാനങ്ങളിലും ധാരാളം പരിചയവും, പാണ്ഡിത്യവുമുണ്ടായിരുന്നു എന്നതിന്നു സംശയമില്ല. വിശിഷ്യ ഗ്രന്ഥകാരൻ പ്രശ്നം വയ്ക്കുന്നതിലും, ഫലം പറയുന്നതിലും നൈപുണ്യം സംപാദിച്ചിരുന്നു എന്നു കൂടി വിഷയങ്ങളെ പ്രതിപാദിച്ചിരിക്കുന്ന ക്രമത്തിൽ നിന്നു് ഊഹിച്ചറിയാവുന്നതാണ്. ഭൂദേശത്തേ വിഭജിച്ചു പറഞ്ഞിട്ടുള്ളതിൽ നിന്നും, പഞ്ചഭൂതവൈഷമ്യത്താലുണ്ടാവുന്ന രോഗോൽപത്തിക്രമത്തേ പ്രഖ്യാപനം ചെയ്തിട്ടുള്ളതിൽ നിന്നും ഗ്രന്ഥകാരനു വൈദ്യശാസ്ത്രത്തിൽകൂടി പാണ്ഡിത്യമുണ്ടായിരുന്നു എന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഇതിന്നും പുറമെ ബാധാവേർപാടു ചെയ്യുന്നതിന്നും മററുമാവശ്യമായ മാന്ത്രികകൎമ്മങ്ങളിൽ കൂടി ഗ്രന്ഥകൎത്താവിനു പരിചയമുള്ളതുപോലേ തോന്നുന്നുണ്ടു്. ഗ്രന്ഥകാരൻ വൈദ്യം, ജ്യോതിഷം, മന്ത്രവാദം എന്നിവ തൊഴിലാക്കിവച്ചിരുന്നില്ലയോ എന്നു കൂടി ഗ്രന്ഥം വായിച്ച സമയം സംശയം തോന്നാതിരുന്നിട്ടില്ല. അങ്ങനെയാണെങ്കിൽ പ്രസിദ്ധന്മാരായിരുന്ന അനേകം ജ്യൌതിഷികന്മാരെക്കൊണ്ടലംകൃതമായിരുന്ന ഗണകവംശത്തിലാരെങ്കിലും ഈ ഗ്രന്ഥത്തിൻെറ കൎത്താവായിരിക്കാൻ ഇടയുണ്ടു്.

എന്നാൽ ആ അഭിപ്രായത്തെ സ്ഥാപിക്കുന്നതിന്നു് ആന്തരമായ തെളിവുകൾ അനുകൂലമല്ലാതെ തീൎന്നേക്കാം. ജാതിപരമായോ, വ്യക്തിപരമായോ നിരൂപണം ചെയ്തു ചിലതെല്ലാം സാധിക്കുവാൻ ഈ ഗ്രന്ഥം ധാരാളം അവകാശം തരുന്നുണ്ടെങ്കിലും അതു് ആചാരഭാഷാഭേദങ്ങളെ കൂടി പരാമൎശിക്കുന്നതു നിമിത്തം ചിലൎക്കു ചിലപ്പോൾ മൎമ്മഭേദകമായിത്തീൎന്നു പോയെങ്കിലോ എന്നു ശങ്കിച്ചു് ആ പന്ഥാവിൽ തത്കാലം പ്രവേശിക്കുന്നില്ല. ഗ്രന്ഥകാരൻെറ ജാതിനാമാദികൾ സൂക്ഷ്മമായറിയുവാൻ നിവൃത്തിയില്ലാത്തതിനാൽ ഊഹാപോഹങ്ങളെക്കൊണ്ടു് അവയെക്കുറിച്ചു് എന്തെങ്കിലും സാധിക്കുവാൻ ഇവിടെ ശ്രമിക്കുന്നില്ല.

ഗ്രന്ഥകാരന്ന സംസ്കൃതഭാഷയിൽ ദൃഢവ്യുത്പത്തിയുണ്ടായിരുന്നതായി തോന്നുന്നില്ല. സംസ്കൃതവിഭക്തിപ്രത്യയങ്ങളെഭേദിച്ചു പ്രയോഗിച്ചിട്ടുള്ള പദങ്ങൾ പലസ്ഥലങ്ങളിലും അന്വയിക്കാതെ വന്നുപോയിട്ടുള്ളവയെല്ലാം വ്യത്യാസപ്പെടുത്തി അന്വയിക്കാവുന്ന വിധത്തിൽ തന്നെ ഗ്രന്ഥത്തിൽ ചേൎത്തിട്ടുണ്ട്. ശ്ലോകങ്ങൾക്ക ഗണ്യമായ വ്യത്യാസം ചെയ്യാതെ ശരിപ്പെടുത്തുവാൻ നിവൃത്തിയില്ലാതെ വന്ന ചില സ്ഥലങ്ങളിലിപ്പോഴും അന്വയവൈഷമ്യം സൂക്ഷ്മദൃക്കുകൾക്ക കാണാവുന്നതാണ്. എങ്കിലും ഗ്രന്ഥകാരന്റെ ആശയം ഇന്നതാണെന്ന വ്യക്തമായിപ്പറയുവാൻ അവിടെയും സാദ്ധ്യമായിത്തീൎന്നിട്ടുള്ളതു വലിയ ആശ്വാസം തന്നെ.

പ്രശ്നഭാഷ നാതിപ്രാചീനമാണെങ്കിലും കേരളത്തിൽ ധാരാളം പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു ഗ്രന്ഥമാകുന്നു. ഇതിലെ പലശ്ലോകങ്ങളും ജ്യൌതിഷികന്മാരുടെ മുഖത്തുനിന്നു പല സന്ദൎഭങ്ങളിലും കേൾക്കുവാൻ സംഗതിയായിട്ടുണ്ട്. വിശേഷിച്ച്,

„ഗുളികസ്ഥിതരാശീശൻ
നിന്നഭാവമനൎത്ഥമാം,
നോക്കുന്നഭാവവും തദ്വ-
ദതികഷ്ടഫലപ്രദം.”

എന്ന പദ്യം ഫലംപറയുന്ന അവസരങ്ങളിൽ സംസ്കൃതവിദ്വാന്മാരായ ജ്യൌതിഷികന്മാരും അതിനെ ഭാഷയെന്നു തിരസ്കരിക്കാതെ ചൊല്ലിവരാറുള്ളതായി തോന്നുന്നു.

ജ്യോതിഷവിദ്വാനായ ചെങ്ങന്നൂർ പുലിയൂർ ബ്രഹ്മശ്രീ, പി. എസ്സ്. പുരുഷോത്തമൻ പോററി അവൎകളുടെ ഗ്രന്ഥപ്പുരയിൽ നിന്നു കിട്ടിയ ഒരു നാതിപ്രാചീനമായ ഗ്രന്ഥത്തിൽ ജ്യോതിശ്ശാസ്ത്രവിഷയങ്ങൾ എഴുതിച്ചേൎത്തിട്ടുള്ള കൂട്ടത്തിൽ പ്രശ്നഭാഷയും എഴുതീട്ടുണ്ടായിരുന്നതുകൊണ്ട് ഒന്നാമത്തെ ആദൎശമായി സ്വീകരിച്ചിരിക്കുന്നതു് ആ ഗ്രന്ഥം തന്നെയാകുന്നു. അതു പ്രായേണ അശുദ്ധവും ചില സ്ഥലങ്ങളിൽ അപൂൎണ്ണവുമായിരുന്നു. പ്രസിദ്ധജ്യോത്സ്യകുടുംബത്തിലെ ഒരു അംഗമായ മാവേലിക്കര ത്തൂർനാട്ടു ഗ്രാൻറവൈദ്യൻ കെ. നാരായണക്കണിയാർ അവർകൾ അയച്ചുതന്ന ഒരു പ്രാചീന ഗ്രന്ഥമാണു രണ്ടാമത്തെ

ആദൎശം. അതിലും ധാരാളം തെററുകൾ ഉണ്ടായിരുന്നു. ഇതു രണ്ടും ഒത്തുനോക്കി വിട്ടുപോയിട്ടുള്ള പാഠങ്ങളെ പൂരിപ്പിച്ചു ശരിപ്പെടുത്തി, മൂലശ്ലോകങ്ങളുടെ താഴെ ആവശ്യമെന്നു തോന്നിയ ദിക്കുകളിലെല്ലാം പൂൎവാചാൎയ്യന്മാരുടെ അഭിപ്രായങ്ങളെ സ്പഷ്ടപ്രതിപത്തിക്കുവേണ്ടി ഉദ്ധരിച്ചു ചേൎത്തു, സാങ്കേതികശബ്ദങ്ങളുടെ അൎത്ഥാവബോധാൎത്ഥം അതാതുസ്ഥലങ്ങളിൽ തന്നെ എഴുതിച്ചേൎത്തിട്ടുള്ള ടിപ്പണിയോടു കൂടി അച്ചടിപ്പിച്ചു പ്രശ്നഭാഷയെ ഇപ്രകാരം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, ൩-൧൧-൧൧൦൧. }

കെ. ശങ്കരമേനോൻ.

പ്രശ്നഭാഷാ

൧

മത്തേഭാസ്യം പ്രണമ്യാദൌ
ശ്രീസൂൎയ്യാദീൻ ഗ്രഹാൻ ഗുരൂൻ
പ്രശ്നഭാഷാം പ്രവക്ഷ്യാമി
ബാലാനാമറിവാനഹം.

൨

പ്രശ്നം മാസത്തിൽ വിപ്രാണാം
ക്ഷത്രിയാണാം ദിനംപ്രതി
മണ്ഡലംപ്രതി വൈശ്യാനാം
ശൂദ്രാണാം വത്സരംപ്രതി.

൩

പ്രശ്നംവച്ചാൽ നടേ ദൂത-
സ്പൎശോഹാവചനാദികൾ
അറിഞ്ഞിട്ടു പുനശ്ഛായാ-
മളപ്പിക്കതിസൂക്ഷ്മമായ്.

൪

അതുകൊണ്ടു പുലൎന്നുള്ള
നാഡികാദീൻ വരുത്തുക
വേറെവച്ചിട്ടു ലഗ്നസ്യ
സ്ഫുടമുണ്ടാക്കി വിന്യസേൽ.

൫

പഞ്ചസ്ഫുടം ദിനാദീനാം
കുജാദീനാം സ്ഫുടങ്ങളും
പിഴയാതെ വരുത്തീട്ടു
പത്രികായാം ലിഖേദ്ദൃഢം.

G. P. T. 1716. 1000. 5-12-101. B

൯

പിന്നെസ്സൂത്രാൽ നിരൂപിച്ചു
പറവൂ തൽഫലങ്ങളും
നിസർഗ്ഗാഖ്യം മഹാസൂത്രം
ലഗ്നാംശകവശാത് ത്രിധാ.

൧൦

ആരൂഢാദ്യത്ര രവ്യാദ്യാ-
സ്തത്തൽ സ്ഥാനേഷു താൻ വദേൽ
തന്വാദിഭാവപാംശ്ചാപി
യഥാസ്ഥാനം വിനിർദ്ദിശേൽ.

൧൧

നിമിത്തഭേദം ചൊല്ലേണം
പിന്നെസ്സപ്തമഗൈർഗ്രഹൈഃ
കർമ്മലഗ്നചതുർത്ഥസ്ഥൈ-
രപി വാച്യം ബലോല്കടൈഃ.

൧൨

ശുഭഗ്രഹൈസ്സന്നിമിത്ത-
മശുഭൈർദുർന്നിമിത്തമാം
തത്ര ചന്ദ്രസിതൌ നില്ക്കിൽ
സ്ത്രീകൾ വന്നതു നിശ്ചയം.

൧൩

രവേഃ പ്രധാനജനമാം
കുജന്നായുധധാരികൾ
ബുധസ്യ വിദ്വജ്ജനമാം
ഗുരോർബ്രാഹ്മണജാതികൾ.

൧൪

മന്ദാഹിഗുളികാദീനാം
ഹീനജാതികൾ വന്നതു്
ചതുഷ്പാദ് ഗ്രഹയോഗാദി
വരികിൽച്ചതുരങ്ഘ്രികൾ.

---

൧൧. കർമ്മം=പത്താമെടം. ൧൨. സിതൻ=ശുക്രൻ.
൧൪. അഹി=രാഹു.

൧൨

ദ്വിപാദൌ സിതദേവേഡ്യൌ
ശശാങ്കസ്തു സരീസൃപഃ
പിന്നെ പുംസ്ത്രീവിഭാഗങ്ങൾ*
വയസ്സിന്റെ പ്രമാണവും.

൧൩

സ്വസ്ഥാതുരപ്രഭേദങ്ങൾ
ദേശജാതിവിശേഷവും
ഇവയെല്ലാമറിഞ്ഞിട്ടു
വദേദായുൎബ്ബലം പുനഃ.

൧൪

ലഗ്നാൎക്കഗുളികേന്ദൂനാം
സ്ഫുടാനേകീകരിപ്പിതു്
മാനമേററീട്ടോജരാശൌ
തദംശേ വരികിൽ പുമാൻ.

൧൫

യുഗ്മരാശൌ തദംശേ വാ
വരികിൽ സ്ത്രീവിചിന്തനം
ഇങ്ങനേ സ്ഥിതിയാകുന്നു
പിന്നെ ദൂതസ്യ ചേഷ്ടയം.

൧൬

സ്പൎശേക്ഷാദികളെക്കൊണ്ടും
നിൎണ്ണയിക്കതിസൂക്ഷ്മമായ്
‡പൂൎവ്വമായുശ്ചിന്തനീയ-
മായുസ്സില്ലെങ്കിലേതുമേ.

---

൧൨. ദേവേഡ്യൻ=ഗുരു.

* "ബുധസൂൎയ്യസുതൌ നപുംസകാഖ്യൌ
ശശിശുക്രൌ യുവതീ നരാശ്ച ശേഷാഃ."
(എന്നു ഹോരാശാസ്ത്രം).

‡ "പൂൎവ്വമായുഃ പരീക്ഷേത
പശ്ചാല്ലക്ഷണമാദിശേൽ." (എന്നു ശാസ്ത്രം)

൧൭

ചിന്തിക്കേണ്ടോ ലക്ഷണങ്ങ-
ളാരൂഢാദ്വാ വിലഗ്നതഃ
ആരൂഢം ദേഹമായീട്ടു-
മുദയം ദേഹിയായതും.

൧൮

ലഗ്നേന ദേഹം രന്ധ്രേണ
ജീവനെന്നാഹു കേചന
ചന്ദ്രേണ ദേഹസൌഖ്യാദി
*സൂര്യ്യേണാത്മാനമിത്യപി.

൧൯

തേഷാം ബലാബലാദ്വാച്യം
ലക്ഷണം ദേഹജീവയോഃ
ലഗ്നാധിപോ വാ ജീവോ വാ
ശുക്രോ വാ യദി കേന്ദ്രഗഃ.

൨൦

യസ്യ പ്രശ്നേ സ ദീർഘായുർ-
ധനവാൻ രാജവല്ലഭഃ
ലഗ്നാഷ്ടമേശൌ സംയുക്താ-
വന്യോന്യം വാഭിവീക്ഷിതൌ.

൨൧

ക്ഷേത്രേ പരസ്പരസ്ഥൌ വാ
ദീർഘായുർയ്യോഗദായിനൌ
ലഗ്നേശസ്യ ഗൃഹേ സ്വോച്ചേ
മിത്രഭേ രന്ധ്രപോ ബലീ.

൨൨

യദി ദീർഘായുരത്യന്തം
സുഖിയായിസ്സപുത്രവാൻ
ലഗ്നേശസ്യ ഗൃഹേ നില്ക്കു
രന്ധ്രേശോ വാന്യഥാപി വാ.

---

൧൮. രന്ധ്രം=അഷ്ടമഭാവം (എട്ടാമെടം).
* 'കാലാത്മാ ദിനകൃന്മനസ്തുഹിനഗുഃ' (എന്ന ഹോരാശാസ്ത്രം).

൨൩

എങ്കിലും ദീർഘമായുസ്സു പ്രാ-
ജ്ഞനധാന്യസമൃദ്ധിമാൻ
അതിനീചത്തിലും പിന്നെ
പാട്ടുണ്ടായിട്ടിരിക്കിലും.

൨൪

ശത്രുക്ഷേത്രേഽഥവാ നില്പൂ
ലഗ്നേശോ രന്ധ്രപോഽപി വാ
ദേഹദണ്ഡോപവാസാദി
സ്ഥാനഭ്രംശത്വവും പുനഃ.

൨൫

വിദേശവാസിയായ് ഭാഗ്യ-
ഹീനനായ് മാനഹാനിയും
പ്രാപ്യ യാചനമാത്രേണ
ജീവിതം തത്ര നിർദ്ദിശേൽ.

൨൬

കേന്ദ്രത്തിൽ നില്പൂ രന്ധ്രേശോ
ലഗ്നേശോ ബലഹീനനായ്
നില്ക്കിൽ ദ്വാത്രിംശദസ്യായു-
സ്ത്രിംശദ്വാ ജീവിതം പരം.

൨൭

മഹാഗദജലാരിഷ്ട-
പ്രവ്രജ്യാദ്യധമാദയഃ
മററും *കേമദ്രുമാദ്യാദി-
ദുഷ്ടയോഗങ്ങളുണ്ടിനം.

---

൨൩. പാട്ട് = മൌഢ്യം.

* "വിധോസ്സു സുനഭാനഭാധുരുധുരാഃ സ്വാരിഃഫേഭയ-
സ്ഥസ്ഥൈസ്ത്വിരവിഭിർഗ്രഹൈരിതരഥാ തു കേമദ്രുമഃ."

(എ.ന്ന ഫലദീപിക).

൨൮

അവയുണ്ടെങ്കിലും തത്തൽ
ഫലാന്യപി വിനിർദ്ദിശേൽ
ദൃഢേശൻ ബലവാനായി-
ക്കേന്ദ്രിച്ച ചരരാശിയിൽ.

൨൯

നില്ക്കിൽ സ്വസ്ഥസ്യ ചിന്താ സ്യാ-
ദന്യഥാ ചേത്തു രോഗിണഃ
ഏവമാദീന്യുദാഹൃത്യ
ഗ്രഹാണാം തു ബലാബലം.

൩൦

ചിന്തിക്കേണം വിശേഷിച്ചും
പ്രശ്നകാലേ തു ദൈവവിൽ
*ലഗ്നാധിപോ വാ ജീവോ വാ
ബുധോ വാ നിന്ന രാശിയും.

൩൧

ഇവർ നോക്കുന്ന രാശിക്കും
ബലമുണ്ടെന്നു നിർണ്ണയം
ഇവരെപ്പോക്കി മറ്റുള്ളോർ
നില്ക്കിലും നോക്കിലും ന ച.

൩൨

ഏവം രാശിബലം ജ്ഞാത്വാ
പിന്നെ ഗ്രഹബലം വദേൽ
തന്റെയുച്ചത്തിലും പിന്നെ
മിത്രഭേ സ്വഗൃഹേ തഥാ.

---

൨൮. ചരരാശി മേടം, കർക്കടകം, തുലാം, മകരം.

* "ഹോരാസ്വാമിഗുരുജ്ഞവീക്ഷിതയുതാ
നാന്യൈശ്ച വീര്യോല്ക്കടാ."

(എന്നു ഹോരാ ശാസ്ത്രം).

൩൩

സ്വദ്രേക്കാണേ സ്വാംശകേ ച
ഗ്രഹാണാം സ്ഥാനജം ബലം
‡മേഷം വൃഷം മകരവും
കന്നി കൎക്കി ഝഷം തുലാം.

൩൪

രവ്യാദീനാം ക്രമത്താലെ-
യിവയുച്ചങ്ങളാസ്വരും
പത്തു മൂന്നിരുപത്തെട്ടു
പതിനഞ്ചഞ്ചു രീയതി.

൩൫

ഇരുപത്തേഴിരുപതും
ഭാഗങ്ങളതിതുംഗമാം
ഏഴാമതേഷാം നീചങ്ങ-
ളതിനീചങ്ങളും തഥാ.

൩൬

*സിംഹോ വൃഷോ മേഷകന്യാ
ചാപതൌലിഘടാഃ ക്രമാൽ
മൂലത്രികോണഗേഹങ്ങ-
ളൎക്കാദീനാം സമാദിശേൽ.

---

൩൩. "ദ്രേക്കാണാഃ സ്യുഃ സ്വഭവനസുതത്രിത്രികോണാധിപാനാം."
"അജമൃഗതൌലിചന്ദ്രഭവനാദിനവാംശവിധിഃ."
(എന്നു ഹോരാശാസ്ത്രം).

‡ 'അജവൃഷഭമൃഗാംഗനാകുളീരാ
ഝഷവണിജൌ ച ദിവാകരാദിതുംഗാഃ
ദശശിഖിമനുയുക്തിഥീന്ദ്രിയാംശ-
ത്രിനവകവിംശതിഭിശ്ച തേഽസ്തനീചാഃ."
(എന്നു ഹോരാശാസ്ത്രം).

* "സിംഹോ വൃഷഃ പ്രഥമഷഷ്ഠഹയാംഗതൌലി-
കുംഭാസ്ത്രികോണഭവനാനി ഭവന്തി സൂൎയ്യാൽ."
(എന്നു ഹോരാശാസ്ത്രം).

൩൭

§അത്യുച്ചേ തു ബലം പൂൎണ്ണം
മുക്കാൽവീൎയ്യം ത്രികോണഭേ
സ്വക്ഷേത്രേൎദ്ധബലം വാച്യം
ബന്ധുഭേ പാദമാം ബലം.

൩൮

അഷ്ടാംശമാം സമക്ഷേത്രേ
ഷോഡശാംശമരാതിഭേ
നീചഭേ ശൂന്യബലമാം
പാട്ടുള്ളോൎക്കും ബലം ന ച.

൩൯

¶അൎക്കന്റെ ബന്ധുവാം വ്യാഴം
മററുള്ളവരരാതികൾ
ചന്ദ്രന്റെ ബന്ധു ജീവജ്ഞൌ
ബുധശ്ശുക്രൌ കുജസ്യ തു.

൪൦

അൎക്കനേപ്പോക്കി മററുള്ളോർ
ബന്ധുക്കാം ശശിജന്നിഹ
കുജനേപ്പോക്കി മററുള്ളോർ
സുഹൃത്തുക്കൾ ഗിരാംപതേഃ.

---

§ "സ്വോച്ചേ പൂൎണ്ണം സ്വത്രികോണേ ത്രിപാദം
സ്വക്ഷേത്രേൎദ്ധം മിത്രഭേ പാദമേവ
ദ്വിട്ക്ഷേത്രേല്പം നീചഗേസ്തംഗതേപി
ക്ഷേത്രം വീൎയ്യം നിഷ്ഫലം സ്യാൽ ഗ്രഹാണാം."
(എന്ന ഫലദീപിക).

൩൯. ജീവജ്ഞൌ=വ്യാഴവും, ബുധനും.

¶ "ജീവോ ജീവബുധൌ സിതേന്ദുതനയൌ
വ്യൎക്കാ വിഭൌമാഃ ക്രമാ-
ദ്വീന്ദ്വൎക്കാവികുജേന്ദ്വിനാശ്ച സുഹൃദഃ
കേഷാഞ്ചിദേവം മതം."
(എന്ന ഹോരാശാസ്ത്രം).

൪൧

രവിചന്ദ്രൗ വിനാന്യേ തു
  ബാന്ധവാ ഭാർഗ്ഗവസ്യ തു
ബുധജീവസിതാ മിത്രം
  ശനേരന്യേ തു ശത്രവഃ.

൪൨

ഈവണ്ണം ബന്ധുശത്രുത്വം
  ഗ്രഹാണാം പ്രശ്നചിന്തനേ
*സത്യാചാര്യമതം ശ്രേഷ്ഠം
  ജാതകാദൗ വിശേഷതഃ.

൪൩

§"ശത്രൂ മന്ദസിതാ"വിത്യാ-
  ദ്യുക്താഭ്യാം തദ്വിനിർണ്ണയഃ
ഏവം ബലാബലം ജ്ഞാത്വാ
  ഗ്രഹാണാം തൽഫലം വദേൽ.

---

* "സത്യോക്തേ സുഹൃദസ്ത്രികോണഭവനാൽ
  സ്വാൽ സ്വാന്ത്യധീധർമ്മപാഃ
സ്വോച്ചായുഃ സുഖപാശ്ച ലക്ഷണവിധേ-
  ർന്നാന്യേ വിരോധാദിതി." (എന്നു ഹോരാശാസ്ത്രം).

§ "ശത്രൂ മന്ദസിതൗ സമഃ ശശിസുതോ
  മിത്രാണി ശേഷാ രവേ-
സ്തീക്ഷ്ണാംശുർഹിമരശ്മിജശ്ച സുഹൃദൗ
  ശേഷാഃ സമാഃ ശീതഗോഃ
ജീവേന്ദൂഷ്ണകരാഃ കുജസ്യ സുഹൃദോ
  ജ്ഞോഽരിഃ സിതാർക്കീ സമൗ
മിത്രേ സൂര്യസിതൗ ബുധസ്യ ഹിമഗുഃ
  ശത്രുഃ സമാശ്ചാപരേ.

സൂരേഃ സൗമ്യസിതാവരീ രവിസുതോ
  മധ്യഃ പരേ ത്വന്യഥാ
സൗമ്യാർക്കീ സുഹൃദൗ സമൗ കുജഗുരൂ
  ശുക്രസ്യ ശേഷാവരീ
ശുക്രജ്ഞൗ സുഹൃദൗ സമഃ സുരഗുരുഃ
  സൗരസ്യ ചാന്യേഽരയോ
യേ പ്രോക്താഃ സുഹൃദസ്ത്രികോണഭവനാ-
  ത്തേമീ മയാ കീർത്തിതാഃ." (എന്നു ഹോരാശാസ്ത്രം).

൪൪

പിന്നെ ബ്ഭാവഫലം വാച്യ-
മാത്രൂഢാദ്യഷ്ടഭാവപൈഃ
ആത്രൂഢാധിപതിക്കേററം
ബലമുണ്ടാകിലും തഥാ.

൪൫

ലഗ്നേ ശുഭയുതേക്ഷാദി-
യുണ്ടായിട്ടിഹ നില്ക്കിലും
തേജസ്വിയായിസ്സുഖിയായ്
ഭൂഷണാദിവിഭൂഷിതഃ.

൪൬

രോഗൈർവ്വിരഹിതസ്സേവ്യോ
ബുദ്ധിവിജ്ഞാനയുക്തനാം
ബലം കുറഞ്ഞു പാപന്മാർ
തത്ര ദോഷയുതാ യദി.

൪൭

ഉദ്വ്യാംഗരോഗകലഹ-
നിദ്രാവൈരൂപ്യശോകദാഃ
ധനസ്ഥാനത്തു സൌമ്യന്മാർ
നില്ക്കിൽ ധനസമൃദ്ധിയും.

൪൮

വാങ്മാധുര്യ്യം നേത്രശോഭ
മുഖസൌന്ദര്യ്യവും വദേൽ
പാപദോഷയുതാസ്തത്ര
ജിഹ്വാദന്താക്ഷിരോഗദാഃ.

൪൭. ധനസ്ഥാനം=രണ്ടാമെടം. സൌമ്യന്മാർ=ശുഭഗ്രഹങ്ങൾ.

൪൪—൬൭. "ഹോരാദയസ്സ്വനകുടുംബസഹോത്ഥബന്ധു-
പുത്രാരിപത്നിമരണാനി ശുഭാസ്പദായാഃ
രിഃഫാഖ്യമിതി........................."
"കല്യസ്വവിക്രമഗൃഹപ്രതിഭാക്ഷതാനി
ചിത്തോത്ഥരന്ധ്രഗുരുമാനഭവവ്യയാനി."
(എന്നു ഹോരാശാസ്ത്രം).

൪൯

തൃതീയസ്ഥാനഗാഃ സൌമ്യാഃ
ഭ്രാതൃസൌഖ്യബലപ്രദാഃ
വ്രീഹ്യാദിധാന്യപുഷ്ടിം ച
വദേദ്വിക്രമശക്തിയും.

൫൦

ബലംകുറഞ്ഞു പാപന്മാർ
ദോഷൈകസഹിതാ യദി
ഉരസ്സു കൈ കഴുത്തിങ്കൽ
രോഗം ഭ്രാതൃവിനാശവും.

൫൧

മാനഹാനിം ദുർബലത്വം
വിഷപീഡാം ച നിർദ്ദിശേൽ
നാലാമെടത്തു സൌമ്യന്മാർ
ഭൂഗോവസ്ത്രാംഗപുഷ്ടിദാഃ.

൫൨

ചതുർത്ഥസ്ഥാനഗാഃ പാപാ
യദി ബന്ധുവിനാശവും
ഗൃഹച്ഛിദ്രം ച കലഹം
സ്ഥാനഭ്രംശവുമാദിശേൽ.

൫൩

അഞ്ചാമെടത്തു സൌമ്യന്മാർ
നില്പൂ പൂർണ്ണബലാ യദി
ആത്മസൌഖ്യം ബുദ്ധിഗുണം
പുത്രസ്യാപി ഗുണം വദേൽ.

൫൪

അത്ര പാപൈർമനോദുഃഖ-
പുത്രശോകാദയഃ സ്മൃതാഃ
ആറാമെടത്തു സൌമ്യന്മാർ
ബലോപേതാ സ്ഥിതാ യദി.

൧൫

അഭിമാനം ശത്രുവധം
യുദ്ധശൌൎയ്യമാദിശേൽ
ബദ്ധലാനാസ്തത്ര പാപാശ്ച
ശുഭാ വാ രോഗദായിനഃ.

൧൬

പരാജയം ശസ്ത്രഘാതം
കാഷ്ഠപാഷാണജം വ്രണം
ജ്വരാമയശോഷം ച
വഹ്നിമാന്ദ്യാദികാൻ വദേൽ.

൧൭

ഏൎഷ്യാമെടുത്തു സൌമ്യന്മാർ
സുരഭിദ്രവ്യദായികാഃ
മനോഹരാന്നപാനാദി
ഭാൎയ്യാശയ്യാദിസൌഖ്യവും.

൧൮

വസ്ത്രഭൂഷാവാഹനാദി
ഗീതനൃത്താദികാൻ വദേൽ
പാപയോഗാന്നേത്രരോഗം
മൂത്രകൃച്ഛ്രാദിരോഗവും.

൧൯

കാമസൌഖ്യാദിവിരഹം
കളത്രകലഹം തഥാ
സ്നാനാനുലേപവസ്ത്രാന്ന-
പാനദോഷാദയോഽപി ച.

൨൦

ശുഭന്മാരഷ്ടമേ നില്ക്കിൽ
ദേഹജീവാദിസൌഖ്യവും
മൃഷ്ടമായിട്ടശനവും
മധുരാദിരസൈസ്സഹ.

൱൭

പാപാഃ ക്ഷീണബലാസ്തത്ര
മരണവ്യാധിശോകദാഃ
പതനവ്രണഗ്രഹ്യാത്തി-
ഭോജനാഭാവസൂചകാഃ.

൱൮

ഏവം ലഗ്നാദിരന്ധ്രാന്തം
ഭാവാനാം ഫലമാദിശേൽ
ഭാഗ്യാദിനാലു ഭാവങ്ങ-
ളിതിലന്തർഭവിച്ചുപോം.

൱൯

അതുകൊണ്ടത്ര ചൊല്ലാഞ്ഞു
ഭാഗ്യാദീനാം ഫലങ്ങളെ
ഷഷ്ഠാഷ്ടമവ്യയേശന്മാർ
നിന്നഭാവം നശിച്ചുപോം.

൱൰

ഷഷ്ഠാഷ്ടമവ്യയസ്ഥാനാം
ഭാവവും തദ്വദാദിശേൽ
ഷഷ്ഠാധിപോ യത്ര സംസ്ഥ-
സ്തദ്ഭാവം ശത്രുവാം ക്ഷണാൽ.

൱൧

ഷഷ്ഠരാശൌ നിന്നവന്റെ
ഭാവവും ശത്രുവാസ്പദം
ഷഷ്ഠേശനോടു കൂടുന്ന
ഖേടാനാം ഭാവവും രിപുഃ.

൱൮. ഭാഗ്യാദിനാലു ഭാവങ്ങൾ = ഭാഗ്യം (ഒൻപതാമെടം), കർമ്മം (പത്താമെടം), ലാഭം (പതിനൊന്നാമെടം), വ്യയം (പന്ത്രണ്ടാമെടം) എന്നുള്ള നാലു ഭാവങ്ങളെ ഭാഗ്യാദികൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

൱൧. ഖേടാഃ = ഗ്രഹങ്ങൾ.

൬

ഗുളികസ്ഥിതരാശീശൻ
    നിന്നഭാവമനത്ഥമാം
നോക്കുന്ന ഭാവവും തദ്വ-
    ദതികഷ്ടഫലപ്രദം.

൭

ശുഭയോഗേക്ഷണാദ്യങ്ങ-
    ളുണ്ടാം ഭാവം ശുഭപ്രദം
ശുഭമദ്ധ്യസ്ഥഭാവാനാ-
    മപി സൌഖ്യമുദീരയേൽ.

൮

ഭാവകേന്ദ്രസ്ഥിതാസ്സൌമ്യാഃ
    ക്രൂരാഷ്ഷട്ത്ര്യായസംസ്ഥിതാഃ
ഭാവപുഷ്ടിപ്രദാ ജ്ഞേയാ
    ദോഷദാ വിപരീതഗാഃ.

൯

ഗ്നാദിഭാവഗന്മാക്കും
    ഭാവത്തിന്നും ബലക്ഷയം
ഉണ്ടാകിലും കാരകന്മാർ
    പാപമദ്ധ്യസ്ഥരാകിലും.

൧൦

പാപാരാതിയുതേക്ഷാദി-
    യുണ്ടാകു കാരകസ്യ തു
തത്ര ഭാവാത്തു നാലെട്ടിൽ
    പന്ത്രണ്ടിൽ പാപയോഗവും.

൧൧

വരികിൽ ഭാവഹാനിസ്സ്യാ-
    ദ്വിത്രിസംവാദസംഭവഃ
ഇതിലേതൊരുഭാവസ്യ
    തസ്യ നാശം വരും ക്ഷണാൽ.

---

൮. കേന്ദ്രം=ലഗ്നം, നാല്, ഏഴ്, പത്ത് എന്നീ ഭാവങ്ങൾ. ഷട്=ആറാമെടം; ത്രി=മൂന്നാമെടം; ആയം=പതിനൊന്നാമെടം.

൧൨

മൂർത്തിശ്ശരീരസമ്പത്തി-
　മംഗോപാംഗനിരൂപണം
സത്ത്യം സൌഭാഗ്യവിത്തം ച
　ദ്വിതീയസ്ഥാനതോ വിദുഃ.

൧൩

സ്വരം സത്വം വിക്രമം ച
　ഭ്രാതൃസ്ഥാനം തൃതീയഭാത്
സുഖം ബന്ധുഗൃഹം ചൈവ
　മാതൃചിന്താ ചതുർത്ഥതഃ.

൧൪

സ്വഭാവം ബുദ്ധിവീര്യം ച
　പുത്രസ്ഥാനാത്തു പഞ്ചമാൽ
ജ്ഞാതിശത്രുക്ഷതാദീനി
　ശത്രുസ്ഥാനേന ചിന്തയേൽ.

൧൫

പ്രവാസം ദാരസൌഭാഗ്യം
　സപ്തമസ്ഥാനതോ വിദുഃ
ആധിം വ്യാധിം മൃതിം നാശ-
　മഷ്ടമാൽ പരിചക്ഷതേ.

൧൬

ഭാഗ്യസ്ഥാനം ഗുരുസ്ഥാനം
　ധർമ്മസ്ഥാനം തതഃ പരം
കർമ്മാജീവം തു ദശമം
　പ്രതാപം പൌരുഷം ശ്രുതിഃ.

---

൧൨. മൂർത്തി = ലഗ്നം.

൧൪. ശത്രുസ്ഥാനം = ആറാമെടം.

൧൬. തതഃ പരം = എട്ടാംഭാവംകഴിഞ്ഞിട്ടുള്ള ഭാവം; അതായതു് ഒൻപതാമെടം. ഭാഗ്യസ്ഥാനം, ഗുരുസ്ഥാനം, ധർമ്മസ്ഥാനം എന്നിവ ഒൻപതാമെടത്തിന്റെ അന്വർത്ഥനാമങ്ങളാം.

൧൬. 'മേഷൂരണം ദശമമത്ര ച കർമ്മ വിദ്യാൽ.'
(എന്നു ഹോരാശാസ്ത്രം).

൧ ൧

കീൎത്തിശ്ച ജ്ഞായതേ തത്ര
    ദൃഷ്ടാദൃഷ്ടനിരൂപണം
ഐശ്വൎയ്യമൎത്ഥലാഭം ച
    ഏകാദശഗൃഹാൽ ഫലം.

൧ ൨

ദ്വാദശം ച വ്യയസ്ഥാനം
    പാപസ്ഥാനം പ്രചക്ഷതേ
ശരീരനാശദേശം ച
    ചിന്താസ്ഥാനം വിനിൎദ്ദിശേൽ.

൧ ൩

ഏവം ദ്വാദശഭാവേഷു
    ചിന്തയേന്മതിമാന്നരഃ
പാപാന്വിതാസ്തു യേ ഭാവാ-
    സ്തേ ഭാവാ നാശതാം യയുഃ.

൨ ൦

സൌമ്യാസ്സിദ്ധികരാ ജ്ഞേയാ
    മിശ്രാ മിശ്രഫലപ്രദാഃ
ഷഷ്ഠാഷ്ടമവ്യയസ്ഥേഷു
    വീപരീതം ശുഭാശുഭൈഃ

൨ ൧

മിത്രോച്ചഭവനസ്ഥേഷു
    പാപോऽപി ശുഭ മൃച്ഛതി.
അരിനീചഗതേ മൂഢേ
    ശുഭോ വാ പാപമൃച്ഛതി.

൨ ൨

പിതൃകാരകനാദിത്യ-
    നാത്മാധിപതിയായതും
മാതൃകാരകനാമിന്ദു-
    ൎദ്ദേഹസ്യ മനസോऽപി ച.

വൃ൩.

ഭ്രാതൃകാരകനാം ഭൌമൻ
ഭ്രമേരപി ബലസ്യ ച
വിദ്യാകാരകനാം ചാന്ദ്രിർ-
ജ്ഞാനസ്യ വചനസ്യ ച.

വൃ ൪

പുത്രകാരകനാം വ്യാഴം
ബുദ്ധേരപി ബലസ്യ ച
കളത്രകാരനാം ശുക്രൻ
ഭോഗവാഹനയോരപി.

വൃ ൫

ദുഃഖകാരകനാം മന്ദൻ
ദാസഭൃത്യാദികസ്യ ച
ഏവം കാരകഖേടാദീ-
നവഗമ്യ ബലാബലം.

വൃ ൬

വിചിന്ത്യ തേഷാം സദസൽ-
ഫലാനി സുബുദ്ധ്വം വദേൽ
ഇങ്ങനേ ഭാവവും പിന്നെ-
ബ്ഭാവത്തിന്റെ ബലങ്ങളും.

വൃ ൭

കാരകഗ്രഹഭേദാംശ്ച
മററും യോഗേക്ഷണാദിഭിഃ
തത്തൽഫലാനുസാരേണ
ചൊല്ലീട്ടു തദനന്തരം.

വൃ ൮

രോഗഭേദാംസ്തു ചിന്തിപ്പൂ
ദേഹജം വാധ ബാധജം
രോഗചിന്താപ്രകാരങ്ങൾ
ചൊല്ലുന്നുണ്ടു സമാസതഃ.

വൃ൩. ചാന്ദ്രിഃ = ബുധൻ.

൩൯

ശൈശവാദികളും ദേശ-
ഭേദവും കണ്ടു സൂക്ഷ്മമായ്
* ആനൂപം ജാംഗലം ചൈവ
സാധാരണമഹീതലം.

൪൦

ഇങ്ങനെ മൂന്നു ഭേദങ്ങൾ
ഭൂമിക്കുണ്ടു വിശേഷതഃ
വൃക്ഷങ്ങളേതുംകൂടാതെ
മരുഭൂമിസമാനമായ്.

൪൧

ജലംകുറഞ്ഞു കാടേറെ-
യുള്ളേടം ജാംഗലം വിദുഃ
കായൽസമീപമാം കൈത
താന്നി ചാരുകളെന്നിവ.

൪൨

ഏറെയുള്ളേടമാനൂപ-
മവർനീർ ദുർജലങ്ങളും
സ്വച്ഛമായ് നിർമ്മലജലം
വനോദ്യാനപ്രദേശവും.

൪൩

നല്ലവൃക്ഷങ്ങൾ പുഷ്പങ്ങൾ
ചിറതോടെന്നിയുള്ളേടം
സാധാരണമിതി പ്രോക്തം
ഫലസസ്യർദ്ധിയുള്ളേടം.

---

* "ജാംഗലം വാതഭൂയിഷ്ഠമാനൂപന്തു കഫോല്ബണം
സാധാരണം സമമലം ത്രിധാ ഭൂദേശമാദിശേൽ."

വ്യാഖ്യാനം:—ഭൂദേശം പുനസ്ത്രിധാ ത്രിപ്രകാരമാദിശേൽ. തത്ര ജാംഗലോ ദേശോ/ല്പോദകതരുപർവ്വതോ വാതഭൂയിഷ്ഠോ വാതപ്രചുരഃ പ്രചുരോദകവൃക്ഷോ യോ നിർവ്വാതോ ദുർല്ലഭാതപസ്സോ/നൂപഃ. സാധാരണഃ പുനരുഭയലക്ഷണോ മദ്ധ്യപതിതോ വ്യാമിശ്രരൂപഃ സ ച സമമലോ, വാതാദിസമദോഷഃ. (എന്ന് അഷ്ടാംഗഹൃദയം).

൩൪

രോഗങ്ങളേറെയുണ്ടാകാ
ദേഹേ ജാംഗലവാസിനാം
ആനൂപജാനാം നീർദ്ദോഷം
പെരുക്കാൽ പനി ശോഫവും.

൩൫

ഏറെയുണ്ടാം വിശേഷിച്ചും
തച്ഛോഷാദ്യക്ഷിരോഗവും
സാധാരണക്ഷേത്രജാനാം
രോഗങ്ങളധികം ന ച.

൩൬

ഉണ്ടാകിലാശു ശമനം
തൽപ്രതിക്രിയയാപി ച
ഏവമാദീൻ വിമൃശ്യാഥ
ദിവാ മാന്ദിസ്ഥരാശിയിൽ.

൩൭

ആദിത്യസ്ഥിതികഷ്ടാ സ്യാത്
തത്ത്രികോണത്തിലേറെയും
അതിലും ചന്ദ്രചാരങ്ങൾ
മാന്ദ്യുപേതത്രികോണഭേ.

൩൮

പ്രഷ്ടുരഷ്ടമരാശ്യാദി
വിപദാദികളും തഥാ
വരുന്നനാൾ വിശേഷിച്ചും
രോഗങ്ങളധികം വദേൽ.

---

൩൮. വിപത്ത്=ജന്മർക്ഷം തുടങ്ങി മൂന്നാമത്തെ നക്ഷത്രം.
ആദിശബ്ദംകൊണ്ടു അഞ്ചാമത്തെയും ഏഴാമത്തെയും നക്ഷത്രങ്ങളെക്കൂടി സൂചിപ്പിച്ചിരിക്കുന്നു.

൯൯

ഷഷ്ഠാധിപേന നിർദ്ദേശ്യം
രോഗം തത്ര സ്ഥിതൈരപി
ബലമില്ലാതെ പാപന്മാർ
കേന്ദ്രസ്ഥാസ്ത്വപി രോഗദാഃ.

൧൦൦

രിഃഫരന്ധ്രേശഗുളിക-
യോഗാദിഭിരപീഷ്യതേ
കാണായ രോഗം കേഷാഞ്ചി-
ത്തഥാന്യേഷാമദൃശ്യമാം.

൧൦൧

ലഗ്നാദിഷഷ്ഠപര്യന്ത-
മദൃശ്യാർദ്ധം പ്രചക്ഷതേ
ദ്യൂനാദിരിഃഫപര്യന്തം
ദൃശ്യാർദ്ധമിതി കഥ്യതേ.

൧൦൨

ദുസ്ഥഖേടങ്ങൾ ദൃശാർദ്ധേ
നില്ക്കിൽക്കാണായ രോഗവും
അന്തർവ്യാധ്യാദിരോഗങ്ങ-
ളദൃശ്യാർദ്ധസ്ഥിതൈസ്തു തൈഃ.

൧൦൩.

*"കാലാംഗാനി" ക്രമാദ്ദുസ്ഥാ
യത്രസ്ഥാസ്തത്ര രോഗമാം
തലയും മുഖവും നെഞ്ചും
ഹൃദയം വയറും നട്ടു.

---

൧൦൦. രിഃഫം=പന്ത്രണ്ടാമെടം,

* "കാലാംഗാനി വരാംഗമാനനമുരോ
ഹൃൽ ക്രോഡവാസോഭൃതോ
വസ്തിർവ്യഞ്ജനമൂരുജാനുയുഗളേ
ജംഘേ തതോംഘ്രിദ്വയം." (എന്ന ഹോരാശാസ്ത്രം).

൧൦൪

ഗുദം ലിംഗം തുടകളും
മുഴങ്കാല്യകളും പുനഃ
കണങ്കാലംഘ്രിയുഗളം
ലഗ്നാദ്യംഗങ്ങളിങ്ങനെ.

൧൦൫

ഇതിലേതൊരുഭാഗത്തു
ഷഷ്ഠാഷ്ടവ്യയപാസ്ഥിതാ
ഗുളികസ്തദധീശാശ്ച
രാഹുകേത്വാദയോഽപി ച.

൧൦൬

നില്ക്കുന്നുവെന്നറിഞ്ഞിട്ടു
തത്ര രോഗം ദൃഢം വദേൽ
കുജൻ കേന്ദ്രിക്കിൽ മുറിവും
വ്രണവും പിത്തരോഗവും.

൧൦൭

സൂൎയ്യസ്യ ചോഷ്ണസഞ്ചാരം
ബുദ്ധിസന്താപവും വദേൽ
ശനിക്കു വാതരോഗങ്ങൾ
കാസശ്വാസാദയോഽപി ച.

൧൦൮

രാഹുകേത്വോൎവ്വിഷം കുഷ്ഠം
കൃമികോപാംഗതാപവും
കാൽ കൈ കഴച്ചു നൊന്തീട്ടു-
മുരുണ്ടുകയറീട്ടപി.

൧൦൯

മോഹാലസ്യാദിയും ചൊല്ലാം
ഗുളികസ്യ തഥൈവ ച
ലഗ്നേ വാപ്യഷ്ടമേ വാപി
ജലരാശൌ തു ചന്ദ്രനം.

൧൧൦

രാഹുകേതപാദി ഗുളികൻ
നില്ക്കിൽ കൊതിവിഷങ്ങളാൽ
പോക്കം ഛർദ്ദിയുമാദേശ്യം
ജലരോഗം വിഷൂചികാ.

൧൧൧

അഷ്ടമേ കുജശന്യാദി
നില്ക്കിൽ ഗുഹ്യരുജം വ്രണം
ചിരങ്ങു ശൂലകുഷ്ഠാദി-
നാദിശേദഗ്നിമാന്ദ്യവും.

൧൧൨

ഉദയേ പഞ്ചമേ ഷഷ്ഠേ
രന്ധ്രേ വാ ഗുളികോ യദി
വിഷം പിത്തം വ്യാധികോപ-
മുദരാമയമേററമാം.

൧൧൩

ലഗ്നത്രികോണനിധനേ-
ഷ്വശുഭൈശ്ച ബലോല്ക്കടൈഃ
അപസ്മാരഭ്രമാദീനി
ദ്യൂനസ്ഥൈർഭ്രാന്തിമാദിശേൽ.

൧൧൪

രോഗദന്മാരേററമല്ല
ബുധജീവസിതാദികൾ
നീചാരിമൂഢഗാസ്തേഽപി
രോഗദാസ്തത്ര ദേഹിനാം.

---

൧൧൩. ദ്യൂനം=ഏഴാമെടം. ത്രികോണം=അഞ്ചും ഒൻപതും ഭാവങ്ങൾ. നിധനം=എട്ടാമെടം.

൧൧൪. ജീവൻ=വ്യാഴം. സിതൻ=ശുക്രൻ.

൧൧൫

ബുധസ്യ ജ്വരശോഫാദി
ഗുരോർഗുല്മാന്ത്രരോഗവും
മൂത്രകൃച്ഛ്രാസ്ഥിപാതനം
ശുക്രസ്യ ജലരോഗവും

൧൧൬

പഞ്ചഭൂതങ്ങളെക്കൊണ്ടും
ചൊല്ലാം രോഗസ്യ നിൎണ്ണയം
* ബുധശുക്രാരമന്ദേഡ്യാഃ
ക്രമാത്തേഷാമധീശ്വരാഃ.

൧൧൭

ഭൂമ്യപ്തേജോവായുഖാനാം
നാസാജിഹ്വാക്ഷിത്വക്ചെവി
ക്രമേണ തന്മാത്രകളാം
രോഗാംസ്തത്ര ച നിൎദ്ദിശേൽ.

൧൧൮

ദുസ്ഥനേതൊരുഭൂതസ്ഥൻ
തദ്ഭൂതോക്താമയം വദേൽ
ഭ്രമേഷ്വീക്കം ച നീൎദ്ദോഷ-
മപ്പിന്നു വമനം പുനഃ.

൧൧൯

പോക്കം നീൎദ്ദോഷവും പുണ്ണും
കൃശാനോൎദ്ദിഗ്ഭ്രമം ജ്വരം
വായോൎവാതം വ്യാധികോപം
ദേഹകാൎശ്യം ച കമ്പനം.

൧൧൬. ബുധശുക്രാരമന്ദേഡ്യാഃ=ബുധൻ, ശുക്രൻ, ആരൻ (ചൊവ്വ), മന്ദൻ (ശനി), ഈഡ്യൻ (വ്യാഴം).

* "ഭൌമാല്യാഃ പഞ്ചവഹ്നിക്ഷ്മാ-
ഖാംഭോവായ്വധിപാഃ ക്രമാൽ."
(എന്നു സ്കന്ദഹോരാ).

"ശിഖിഭൂഖപയോമരുൽഗണാനാം
വശിനോ ഭൂമിസുതാദയഃ ക്രമേണ."
(എന്നു ഹോരാശാസ്ത്രം).

൧൨൦

ആകാശസ്യ വശേന്മോഹം
മരണഗ്ലാനിദിഗ്ഭ്രമാൻ
ഇങ്ങനേ രോഗഭേദങ്ങൾ
ഗുരുൻ സഞ്ചിന്ത്യ നിർദ്ദിശേൽ.

൧൨൧

പിന്നെച്ചാരക്രമേണാദ്യ-
കാലഗ്രഹഫലം വദേൽ
ജന്മപക്ഷാത്തു ചതുപാരോ
മന്ദജീവരവീന്ദവഃ.

൧൨൨

ഗോചരസ്ഥാസ്സൽഫലദാ-
സ്ത്വന്യഥാ ചേത്തു ദോഷദാഃ
സുസ്ഥയോഗം യാതൊരിക്കൽ
ലഗ്നേശസ്യ വിധോരപി.

൧൨൩

തദാപ്രഭൃതി രോഗസ്യ
ശാന്തിസ്സ്യാദിതി നിർദ്ദിശേൽ
പിന്നേ ജാതകമുണ്ടെങ്കിൽ
വയസ്സും ദശയും പുനഃ.

൧൨൪

അപഹാരങ്ങളും കണ്ടു
തൽഫലങ്ങളുദീരയേൽ
പത്താമെടത്തു ബഹവോ
യദി തത്ര ബലാധികാഃ.

൧൨൫

ലഗ്നേ വാ തസ്യ പാകേ തു
ധനരാജ്യാദിലബ്ധിയാം
രണ്ടിലും ഗ്രഹമില്ലായ്കിൽ
കർമ്മലഗ്നപയോർബ്ബലീ.

൧൨൩

യാതൊരുത്തനവന്റെ തു
ദശാകാലേ വദോന്നതിം
കമ്മലഗ്നാധിപന്മാൎക്ക
ബലമില്ലെങ്കിലേവനം.

൧൨൪

ജന്മകാലേ പ്രബലത-
സ്തസ്യ ദായം സുശോഭനം
ഭാഗ്യപേനൈവ നിൎദ്ദേശ്യം
ഫലപാകം വിശേഷതഃ.

൧൨൫

ഷഷ്ഠാഷ്ടമവ്യയസ്ഥാനാം
ദശാകാലേ ക്രമാൽ ഫലം
വ്രണം ഭയം ദ്രവ്യനാശം
വരുമെന്നതു നിൎണ്ണയം.

൧൨൬

അഷ്ടമാധിപതേരന്ത-
ൎദ്ദശായാം നിധനം ഭവേൽ
അഷ്ടമസ്ഥസ്യ മന്ദസ്യ
ദശായാം മൃതിമാദിശേൽ.

൧൩൦

മിഥോ ഭൗമാൎക്കകേതുനാം
ഹൃതിസ്സസ്ത്രവ്രണപ്രദാ
രാഹോൎദ്ദശായാം ചന്ദ്രസ്യ
ഹൃതൌ പനിയകപ്പെട്ടും.

൧൩൧

കുജാപഹാരേ ഭയവും
കലഹങ്ങളുമാദിശേൽ
ശനേൎദ്ദശായാമൎക്കസ്യ
കുജസ്യാപ്യപഹാരകേ.

൧൩൦. ഹൃതി=അപഹൃതി=അപഹാരം.

൧൩൨

ചതുഷ്പാൽ ഭീതിയുണ്ടാകും
തന്നാശവുമകപ്പെട്ടും
ക്രൂരന്മഷ്ണശിഖാനാഡ്യാം
നിന്നിട്ടസ്യ ദശാദികേ

൧൩൩

തലനോവേറെയുണ്ടാകും
കൊട്ടതാം പനിയും തഥാ
മൂഢനായ് ഭ്രസ്ഥനായ് നിന്ന
ബുധാപഹൃതിയിൽ ഫലം.

൧൩൪

വിവാദേ തോൽവിയുണ്ടാകും
സംസാരങ്ങളുമിങ്ങനെ
¶വിഷനാഡിയിൽ വത്തിക്കും
രാഹുകേതുദശാദിഷു.

൧൩൫

സപ്പഭീതിയുതം വാച്യം
*വിഷകോപജരോഗവും
രാഹുകേതു കുജഗ്രഹേ
വിഷനാഡ്യാം സ്ഥിതൌ യദി.

---

൧൩൩. മൂഢൻ=പാട്ടുള്ളവൻ. "ഭ്രസ്ഥാനമഷ്ടമരിപുവ്യയഭാവമാഹുഃ."
(എന്നു ഫലദീപികാ).

¶ "അംഗേനൈവ വിയത് പയോനിലനരോ
രാഗീ നഗം നാഖ്യനാ
ദിവ്യം രാഷ്ട്രനരോഭയോ വിടനടോ
വാളൈന്നരോ വീരന്മത്
നിഷ്ഠാ നിത്യനയോദയം തു കവിരാട്
നിംബാ നിശാ വക്രന്മത്
ഹവ്യാശാദിഷു രാനതീത്യ പരതോ
നാഡ്യശ്ചതസ്രോ വിഷം." (എന്നു മുഹൂൎത്തമാധവീയം).

* 'വിഷം ച ജ്വരരോഗവും,' (പാഠാന്തരം).

൧൩൬

തയോരപഹൃതൌ വാച്യം
വസ്തൂൎയ്യാദികൾ നിൎണ്ണയം
പുഷ്പവന്തൌ രിഃഫസംസ്ഥൌ
സൂൎയ്യപുത്രേണ സംയുതൌ.

൧൩൭

യദി മന്ദദശായാം തു
സൂൎയ്യസ്യാപഹൃതിൎയ്യദാ
തസ്മിൻ കാലേ വലത്തെതു
കണ്ണുപോമെന്നു നിൎണ്ണയം.

൧൩൮

ശനേശ്ചന്ദ്രാപഹാരേ തു
കണ്ണിടത്തെതുപോം ക്ഷണാൽ
അഷ്ടമസ്ഥസ്യ മന്ദസ്യ
ദശായാം കഷ്ടമാദിശേൽ.

൧൩൯

തത്ര സംസ്ഥസ്യ ഭൌമസ്യ
ദശായാം ശൂലരോഗിയാം.
ഏവം നക്ഷത്രമാൎഗ്ഗേ തു
ദശാദൌ ഫലനിൎണ്ണയം

൧൪൦

ഉൽപന്നമാൎഗ്ഗവും ചിന്ത്യം
കാലചക്രവശാദപി
ആറാംനക്ഷത്രാധിപന്റെ
ദശയിൽ പത്തുമാസവും.

൧൪൧

നീക്കീട്ടുള്ള ദശാദ്യാസ്തു
ശേഷം നക്ഷത്രപം നയേൽ

൧൩൬. "ഏകയോക്ത്യാ പുഷ്പവന്തൌ
ദിവാകരനിശാകരൌ." (ഇത്യമരഃ).

൧൪൧, ൧൪൨. "ബാധചരത്തിനു പതിനൊ-
ന്നാമെടമേഴാമതുഭയരാശീനാം

ബാധാവിശേഷം ചൊല്ലേണം
    പ്രശ്നലഗ്നവശാൽ സുധീഃ.

൱൪൨

ചരരാശിക്കു ലാഭേശൻ
    ബാധകൻ തത്ര സംസ്ഥനം
സ്ഥിരസ്യ ഭാഗ്യാധിപനാം
    ഭാഗ്യസ്ഥാനസ്ഥനം തഥാ.

൱൪൩

ദ്ത്യുനേശനഭയത്തിന്നു
    ബാധകൻ കേന്ദ്രസംസ്ഥനം
ആദിത്യസ്യ ശിവോ ദേവോ
    ദുൎഗ്ഗാ ചന്ദ്രസ്യ ദേവതാ.

൱൪൪

ഷൺമുഖൻ ഭൂമിപുത്രസ്യ
    വിഷ്ണുർദ്ദേവോ ബുധസ്യ ച
ഗുരോർബ്രഹ്മാ ദേവതാ സ്യാ-
    ല്ലക്ഷ്മീ ശുക്രസ്യ ദേവതാ.

൱൪൫

ധനേശോ ദേവതാ സൌരേ-
    ശ്ശാസ്താ ചാപസഹസ്രധൃക്
അനിഷ്ടസംസ്ഥഖേടാനാം
    തത്തദീശപരസേവയാ.

൱൪൬

രോഗശാന്തിർവ്വിനിർദ്ദേശ്യാ
    രാഹോസ്സർപ്പസ്യ സേവയാ
വനപ്രദേശോ മേഷസ്യ
    പിതൃഭൂമിർവൃഷസ്യ ച.

സ്ഥിരരാശിക്കതോൻപതി-
ലുദയം നാലേഴുപത്തിലുമാം.” (എന്നു പ്രശ്നരീതി).

൱൪൫. സൌരി=ശനി.

൱൰൧

ഗ്രാമാദി മിഥുനത്തിന്നു
കർക്കടസ്യ ജലാശയം
ഗിരിമൂർദ്ധനി സിംഹസ്യ
കന്നിക്കുദ്യാനവേശ്മസു.

൱൰൨

അശോകരഥവീഥ്യാദി
പത്തനം സപ്തമസ്യ തു
കാവും പുററും കഴിഞ്ഞേടം
കൂപാദൌ വൃശ്ചികസ്യ തു.

൱൰൩

അശോകാദ്യാലയാരാമ-
ദേവസദ്മം ധനുസ്സിന്
നദീമുഖം മൃഗത്തിന്നു
കുംഭസ്യ ചിറതോടപി.

൱൰൪

നീരൊഴുക്കേറെയുള്ളേടം
മീനരാശൌ സമുദ്രവും
കർക്കികുംഭതുലാമേഷം
വൃശ്ചികം ഇവയഞ്ചിനും.

൱൰൫

കിഴക്കേദിക്കിൽനിന്നത്രെ
ബാധകൻ കണ്ടെത്തിത്തത്ത്
തെക്കേദിക്കിങ്കൽനിന്നത്രേ
ബാധകൻ മൃഗസിംഹയോഃ.

൱൰൬

പശ്ചിമേനിന്നു കണ്ടെത്തി
ബാധകൻ വൃഷഭത്തിന്
ചാപാന്ത്യയുഗ്മഷഷ്ഠാനാം
വടക്കേദിക്കിൽ നിർദ്ദിശേൽ.

൱൰൬. ചാപം=ധനുസ്സ്, അന്ത്യം=മീനം, യുഗ്മം=മിഥുനം, ഷഷ്ഠം=കന്നി.

൧൪൩

ദിഗ്വിഭാഗങ്ങളീവണ്ണം
  രാശി പന്ത്രണ്ടിനും വരും
കിഴക്കാദിത്യനഗ്നൌ തു
  ശുക്രൻ തെക്കു മഹീസുതഃ.

൧൪൪

നിരൃത്യാം രാഹു വാരുണ്യാം
  മന്ദൻ വായൌ ശശാങ്കനും
വടക്കു ബുധനാമൈശേ
  ദേവാചാൎയ്യനധീശനാം.

൧൪൫

ഏവം ഗ്രഹാണാം ദിഗ്ഭേദം
  ചൊല്ലിത്തദപി നിഷ്ഠിശേൽ
ഇനിബ്ബാധകരാം നാമങ്ങളും
  ചൊല്ലുന്നുണ്ടു സമാസതഃ.

൧൪൬

രവേബ്ബലോനജീവസ്യ
  പെരുമാറും തദ്ഗണങ്ങളും
ചന്ദ്രനും ശുക്രനും യക്ഷി
  ബലോനേ നീചയക്ഷിയും.

൧൪൭

കുജജ്ഞയോസ്തു ചാമുണ്ഡീ
  ഭദ്രകാളൃഥ യക്ഷിയും
ശനേഃ പിശാചരക്ഷഃകുല-
  കാലമാടനുമെന്നിവ

൧൪൮

രാഹുകേതോസ്സൎപ്പകോപം
  പിതൃകോപം ച പ്രേയപി

൧൪൩, ൧൪൪. "പ്രാഗാദ്യാ രവിശുക്രലോഹിതതമഃ സൌരേന്ദുവിത് സൂരയഃ." (എന്നു ഹോരാശാസ്ത്രം)

൧൪൪. വാരുണി=പടിഞ്ഞാറ്.

ഗുളികന്യ വിഷം ചൂൎണ്ണം
　　ശത്രുപീഡാം ച നിൎദ്ദിശേൽ.

൧൭൯

വ്യയാധിപതി കേന്ദ്രിച്ച
　　ബാധേശസഹിതോ യദി
ആഭിചാരകൃതാ ബാധാ
　　ചാത്തൻ ചാമുണ്ഡി പേയപി.

൧൮൦

പത്താമെടത്തു മന്ദനു
　　പിശാചാദികൾ ബാധകൾ
ലഗ്നസ്ഥരാഹോഃ കൊതിയും
　　വിഷവും വ്യാധികോപവും.

൧൮൧

അഷ്ടമത്തിൽ ഗുളികനു
　　വിഷപീഡാം ച നിൎദ്ദിശേൽ
ഇത്യാദി ബാധാഭേദങ്ങൾ
　　ഖേടയോഗേക്ഷണാദിഭിഃ.

൧൮൨

വിമൃശ്യ നിൎദ്ദിശേദ്ധീമാൻ
　　സ്വഗുരോരുപദേശതഃ
ഓരോ ദേശേ നാമഭേദ-
　　മുണ്ടു ബാധകജാതിഷു.

൧൮൩

തന്നാമങ്ങളറിഞ്ഞിട്ടു
　　തസ്മിൻ ദേശേ തു താൻ വദേൽ
ബാധേശനഷ്ടമേ നില്ക്കിൽ
　　ബലിപൂജാദികാൻ വദേൽ.

൧൮൪

ലഗ്നസ്ഥനാകിലാദേശ്യം
　　ഗീതനൃത്താദികങ്ങളേ
ബന്ധുസ്ഥനാകിലുദ്യാന-
　　മുണ്ടാക്കിത്തത്ര പൂജയേൽ.

൧൮൫

൱൫

ബാധകൾക്കങ്ങിരിപ്പാനായ്
സ്ഥാനമുണ്ടാക്കിയാൽ പുനഃ
പീഠാദീംസ്തത്ര വിന്യസ്യ
തസ്മിൻ കുടിയിരുത്തുക.

൱൬

നിത്യമായ് തത്ര പൂജിപ്പൂ
മാസേ മാസേഽപി ചാദരാൽ
ലഗ്നത്തിലാകിൽ പ്രതിമ-
യുണ്ടാക്കിപ്പാലയാളിയാൽ.

൱൭

ബാധാദീംസ്തത്ര സങ്കല്പ്യ
തദോദ്വിഭ്രാമ്യ കുത്രചിൽ
വിന്യസ്യ കുക്കുടം ഛിത്വാ
രക്തകുംഭം തു വാ പുനഃ.

൱൮

കുരുതിക്കളി തപ്പിപ്പൂ-
ലാജാദ്യൈസ്തു സമന്വിതം
തേന ബാധകതൃപ്തിശ്ച
സാദ്ധ്യന്റെ രക്ഷയും വരും.

൱൯

ആഭിചാരജബാധായാം
ശമനേ തിലസർഷപം
പഞ്ചഗവ്യം ചരും വാപി
ചാമുണ്ഡീബലിയെന്നിവ.

൱൧൦

ചെയ്യേണമെന്നു ചൊല്ലേണം
സദൃശംകണ്ടു ബുദ്ധിമാൻ
അതിപ്രമാദരോഗേ തു
ദൂർവ്വാഹോമാദികൾ പുനഃ.

൧൧൭

മൃത്യുഞ്ജയാദി ചെയ്തിട്ടും
ദേവബ്രാഹ്മണതൃപ്തിയും
വരുത്തി പ്രതികാരാദി
കലശസ്ഥാപനാന്വിതം.

൧൧൮

യന്ത്രസ്ഥാപനരക്ഷാദി
ദേഹേ യന്ത്രം ധരിക്കണം
മററും സൽക്രിയ ചെയ്യേണ-
മിതി ദൈവവിദാഃ വിശേൽ.

ഇതി പ്രശ്നഭാഷാ സമാപ്താ.

ശുഭം ഭൂയാൽ.

414